തിരുവനന്തപുരം നഗരസഭ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

2012 -17

# നാലാം വാർഷിക പദ്ധതി
# 2015 - 16

# പദ്ധതിരേഖ

Printed at : Reprographic Centre, Corporation of Thiruvananthapuram , Phone : 2336864

# ആമുഖം

*തിരുവനന്തപുരം നഗരസഭ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ നാലാം വാർഷിക പദ്ധതിരേഖയ്ക്ക് (2015–2016) രൂപം നൽകിയിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് പഞ്ചവത്സര പദ്ധതികളെ സംപുഷ്ടീകരിക്കുന്നതിനും അവയെ സ്ഥായിയായി നില നിർത്തുന്നതിനും ലക്ഷ്യം വച്ചുള്ള പദ്ധതികൾക്കാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. ഈ ദിശയിലുള്ള പ്രവർത്തന ങ്ങൾ വിജയിച്ചുവരുന്നു എന്നത് ചാരിതാർത്ഥ്യ ജനകമാണ്.*

*മുൻകാല പ്രവർത്തനങ്ങൾ നൽകുന്ന അനുഭവ പാഠങ്ങളും, അതിൽനിന്ന് ആർജിച്ച ആത്മവിശ്വാസവും, നിലനിൽക്കുന്ന സ്ഥിതിഗതികളെ ഗഹനമായും വസ്തു നിഷ്ഠമായും വിലയിരുത്തി നാം മുന്നോട്ടു വച്ച വികസന കാഴ്ച്ചപ്പാടും 12 –ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് നീക്കുന്നതിൽ നമ്മെ സഹായിച്ചിട്ടുണ്ട്.*

*തിരുവനന്തപുരം നഗരത്തിലെ ഭൂപ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്രവി കസനവും പുരോഗതിയുമാണ് പന്ത്രണ്ടാംപഞ്ചവത്സര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം ആയിരുന്നത്. നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിലെ വിക സന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് മുൻഗണന നൽകിയും, ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയും ഉത്പാദന വർദ്ധനവും പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണവും നഗരത്തിലെ ജനങ്ങളുടെ ജീവിത ഗുണ നിലവാരം ഉയർത്തുന്നതിനും സേവന സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടു ത്തുന്നതിനും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ സാമൂഹ്യ നീതി ഉറപ്പുവരുത്തിയും ആനു കൂല്യങ്ങളെക്കുറിച്ച് ബോധമില്ലാത്ത നിരാലംബരെ പ്രത്യേകം പരിഗണിച്ചും നഗര ത്തിലെ നിലവിലുള്ള ആസ്തികൾ സംരക്ഷിച്ചും പുതിയ ആസ്തികൾ പൊതുജന ങ്ങൾക്കുവേണ്ടി സൃഷ്ടിക്കുന്നതിനും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ നാം ശ്രമിച്ചിട്ടുണ്ട്.*

*പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ 2015 –2016 വർഷത്തിൽ തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളാണ് ഈ രേഖയിൽ ചേർത്തിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ വികസന പരിപ്രേക്ഷ്യം സാധിത പ്രായമാക്കുന്ന ദിശയിലേക്കാണ് ഈ രേഖയിലെ പദ്ധതികൾ വിരൽ ചൂണ്ടുന്നത്.*

*ഈ പദ്ധതിരേഖ തയ്യാറാക്കുന്നതിൽ നഗരസഭയെ സഹായിച്ച 19 വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും വിശിഷ്യ ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, വൈസ് ചെയർമാൻമാർ, കൺവീനർമാർ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ തുടങ്ങി എല്ലാ വർക്കും നഗരസഭയുടെ പേരിൽ അനുമോദനങ്ങൾ അർപ്പിക്കുന്നു.*

*ഇതേ ശുഷ്ക്കാന്തിയോടെ ഒരു ടീമായി പ്രവർത്തിച്ചുകൊണ്ട് ഈ പദ്ധതികളുടെ നിർവ്വഹണവും ഏറ്റവും ഭംഗിയായി നമുക്ക് നിർവ്വഹിക്കുവാനാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു.*

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
08.07.2015

**അഡ്വ. കെ. ചന്ദ്രിക**
മേയർ

# തിരുവനന്തപുരം നഗരസഭ

## പൊതുവിവരം.

| | |
|---|---|
| പേര് | തിരുവനന്തപുരം നഗരസഭ |
| രൂപംകൊണ്ട തീയതി | 30-10-1940 (14-03-1116)<br>(1116 - ലെ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ട് 1116 ലെ 4 - ാം ആക്ട്) |
| വിസ്തീർണ്ണം | 214.86 സ്ക്വ. കി.മീ |
| ഉൾപ്പെടുന്ന റവന്യു വില്ലേജുകൾ | പാങ്ങപ്പാറ, ഉളിയാഴ്തുറ, കഴക്കൂട്ടം, അയിരുപ്പാറ, വിഴിഞ്ഞം, തൈയ്ക്കാട്, മണക്കാട്, തിരുമല, ചെറുവയ്ക്കൽ, ഉള്ളൂർ, പട്ടം, കുടപ്പന്നക്കുന്ന്, പേരൂർക്കട, കവടിയാർ, വട്ടിയൂർക്കാവ്, ശാസ്തമംഗലം, പേട്ട, വഞ്ചിയൂർ, കടകംപള്ളി, മുട്ടത്തറ, ആറ്റിപ്ര, തിരുവല്ലം, നേമം |
| താലൂക്ക് | തിരുവനന്തപുരം (ഭാഗീകം)<br>നെയ്യാറ്റിൻകര (ഭാഗീകം) |
| ജില്ല | തിരുവനന്തപുരം |
| അസംബ്ലി | തിരുവനന്തപുരം, നേമം |
| മണ്ഡലങ്ങൾ | വട്ടിയൂർക്കാവ്, കഴക്കൂട്ടം, കോവളം (ഭാഗീകം) |
| പാർലമെന്റ് മണ്ഡലം | തിരുവനന്തപുരം (ഭാഗീകം) |
| ജനസംഖ്യ | 955494 |
| സാക്ഷരതാനിരക്ക് | 83.82% |
| വാർഡുകളുടെ എണ്ണം | 100 |
| വനിതാ സംവരണ വാർഡുകളുടെ എണ്ണം | 50 |
| പട്ടികജാതി വനിത | 5 |
| പട്ടികജാതി ജനറൽ | 5 |

**അദ്ധ്യായം I**

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി വിശേഷം

ഭാരതത്തിലെ അതിപുരാതന നഗരങ്ങളിൽ ഒന്നാണ് തിരുവനന്തപുരം. മഹാഭാരത കഥയോളം ദീർഘകാല ചരിത്ര പശ്ചാത്തലമുള്ള നഗരം. വേണാടിന്റെയും തുടർന്ന് തിരുവിതാംകൂറിന്റെയും രാജാക്കൻമാർ കുലദൈവമായി ആരാധിച്ചു വരുന്ന ശ്രീ പത്മനാഭൻ പള്ളികൊള്ളുന്ന അനന്തന്റെ വാസസ്ഥലം എന്ന വിശ്വാസത്തിൽ തിരുവനന്തപുരം എന്ന് നാമകരണം ചെയ്തു.

തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ രൂപീകരിക്കപ്പെട്ടത് 1940 ഒക്ടോബർ 30 ന് ആയിരുന്നു. 1,28,480 ജനസംഖ്യയും 24 വാർഡുകളുമാണ് ഉണ്ടായിരുന്നത്. 1953, 1964, 1978, 2000, 2010 വർഷങ്ങളിൽ കൂടുതൽ പ്രദേശങ്ങളും വാർഡുകളും കൂട്ടിച്ചേർത്ത് വിപുലീകരിച്ചു. ഇപ്പോൾ വാർഡുകൾ 100 ഉം 2011 ലെ സെൻസസ് കണക്കനുസരിച്ചുള്ള ജനസംഖ്യ 955494 ആണ്.

തിരുവനന്തപുരം ജില്ലയിലെ പകുതിയിലേറെ ജനങ്ങൾ പൊതുവേ കൃഷിയെ ആശ്രയിക്കുന്നുണ്ട്. എങ്കിലും നഗരത്തിലെ സ്ഥിതി അല്ല. 2001 ലെ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രധാന ഉപതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 3,72,081ആണ്. ഇതിൽ 6.8% കർഷകരും 12.5% കർഷകത്തൊഴിലാളികളും 12% ഗാർഹിക/ കുടിൽ വ്യവസായ മേഖലയിലെ തൊഴിലാളികളും 68.7% മറ്റുമേഖലകളിലും ആണ്.

കഴിഞ്ഞ വർഷങ്ങളിൽ നെൽക്കൃഷി ചെയ്യുന്ന കൃഷി ഭൂമിയുടെ വിസ്തൃതി 1/3 ആയി ചുരുങ്ങിയിട്ടുണ്ട്. പത്താം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ നെൽക്കൃഷിയുടെ വിസ്തൃതി 180 ഓളം ഹെക്ടറായിരുന്നു. എന്നാൽ 11- ാം പദ്ധതി അവസാനിച്ചപ്പോൾ നെൽകൃഷിയുടെ വിസ്തൃതി 38 ഹെക്ടറായി ചുരുങ്ങി നഗരത്തിൽ വ്യാപകമായി കാണുന്ന കരകൃഷി 13595 **ത്തിൽ** പരം ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നു. പതിനൊന്നാം പദ്ധതിക്കാലയളവിൽ ഇത് 11000 ഹെക്ടറായിരുന്നു മിക്ക പ്രദേശങ്ങളിലും വിവിധ കരകൃഷികൾ നിലനിൽക്കുന്നുണ്ട്. എങ്കിലും നഗരസവാസികൾ വേണ്ടത്ര ഇതിൽ ശ്രദ്ധിച്ചു കാണുന്നില്ല. 12-ാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇതിൽ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നെൽക്കൃഷി - കരകൃഷി - അലങ്കാര സസ്യകൃഷി ടെറസിൽ പച്ചക്കറി കൃഷി എന്നിവ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

കാലി വളർത്തൽ, കോഴിവളർത്തൽ മേഖലയുടെ സ്ഥിതിയും ആശാവഹമല്ല. ഈ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നുള്ളതാണ് വസ്തുത. ഇതനുസരിച്ച് ഇറച്ചി, മുട്ട എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം കുറഞ്ഞുവരികയാണ്. ജില്ലാ വെറ്ററിനറി കേന്ദ്രം കൂടാതെ 14 മൃഗാശുപത്രികൾ കൂടി നഗരത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങളും ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ദ്ധ്യവും വലിയൊരളവിൽ ഈ രംഗത്ത് പ്രയോജനകരമാണ്. പന്നി, മുയൽ, കാടക്കോഴികൾ, പെറ്റ് അനിമൽസ് എന്നിവ വളർത്തുന്നതിനുള്ള പ്രവണതയും സാഹചര്യങ്ങളും ഏറിവരുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുത്ത പാൽ, മുട്ട, ഇറച്ചി, ഉൽപ്പാദന വർദ്ധനവിനുള്ള പദ്ധതികൾ ഫലം കണ്ട് തുടങ്ങിയിട്ടുണ്ട്. മാംസ ഉൽപ്പാദന രംഗവും മാംസ വിപണന രംഗവും മെച്ചപ്പെട്ടു. നിലവിലുള്ള കന്നുകാലി സമ്പത്തിന് കുറവുവരാതെ സംരക്ഷിച്ച് പരിപാലിക്കുന്നതിന് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടു

ത്തുന്നതിനും കന്നുകാലി സമ്പത്ത് നേരിയതോതിലെങ്കിലും വർദ്ധിപ്പിക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു.

നഗരത്തിലെ കടലോര മേഖലയിലെ പത്തോളം വാർഡുകളിലായി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. 28 ഓളം കിലോമീറ്റർ ദൂരത്തിലുള്ള തീരപ്രദേശമാണ് നഗരത്തിലുള്ളത് 16 ഫിഷിംഗ് വില്ലേജും ഒരു ഹാർബറും 3 ഫിഷ്ലാന്റിംഗ് സെന്ററുകളും ഒരു ഫിഷറീസ് സ്കൂളും ഒരു ഫിഷ്മാർക്കറ്റുമുണ്ട്. പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന സമർത്ഥരായ 74558 മൽസ്യതൊഴിലാളികൾ, ജനങ്ങൾക്ക് മത്സ്യത്തിന്റെ ആവശ്യകത, സംസ്കരണവും, വിപണനവും, ഇവയെല്ലാം ഒത്തുചേരുമ്പോൾ വമ്പിച്ച വികസന സാദ്ധ്യത ഈ രംഗത്തുണ്ട്. മത്സ്യബന്ധനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഈ വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയും ജീവിത നിലവാരവും ഇതര ജനവിഭാഗങ്ങളുടേതിൽ നിന്നും പിന്നോക്കമായി നിലനിൽക്കുന്നു. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, സാനിട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവയാണ് മത്സ്യതൊഴിലാളി മേഖലയിലെ പ്രധാന പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് 12-ാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ച പദ്ധതികളും - മത്സ്യമേഖലയിലെ 5000 പേർക്കുള്ള ഭവന നിർമ്മാണ പദ്ധതിയും മറ്റ് അടിസ്ഥാന സൗകര്യവികസന പദ്ധതികളും ഈ അവസ്ഥയ്ക്ക് മാറ്റം കുറിച്ച് തുടങ്ങി.

സാമ്പത്തികമ്മായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരണം എന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രാദേശിക സാമ്പത്തിക വികസനത്തിൻ കീഴിൽ ആനുകൂല്യങ്ങൾ നൽകിവരുന്നത്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, ഉയർന്ന ഉൽപ്പാദന ചിലവ്, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരക്കുറവ്, വിപണനത്തിനുള്ള പിന്തുണയില്ലായ്മ, നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അജ്ഞത,പരിശീലനമില്ലായ്മ എന്നിവയെല്ലാം പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരെ ദോഷകരമായി ബാധിച്ചിരുന്നു. നിലവാരത്തെ കുറിച്ചുള്ള ബോധമില്ലായ്മ, വിദഗ്ദ്ധ മാനേജ്മെന്റിന്റെ കുറവ് എന്നിവ ഈ മേഖലയുടെ ദൗർബല്യമായി നിലനിൽക്കുന്നു. അപൂർവ്വം മൈക്രോ സംരംഭങ്ങൾ വിജയം കണ്ടിട്ടുണ്ടെങ്കിലും ദുർബല ഇടത്തരം വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക വികസനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര വേഗതയില്ല. വിവിധ മേഖലകളുമായി ചേർന്നുള്ള സംയോജിത പദ്ധതിയായി ആവിഷ്കരിക്കപ്പെട്ട 12-ാം പഞ്ചവത്സര പദ്ധതിയിലെ സ്വയം തൊഴിൽ സംരംഭകത്വ പദ്ധതി ഈ നിലയിൽ നിന്ന് സ്ഥിതിഗതികൾ മെച്ചത്തിലാക്കിയിട്ടുണ്ട്. വനിതകൾക്കായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രാദേശിക വിപണന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. 2013 – 14 – 2014–15 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ തുടർച്ചയാണ് ഈ വർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട മേഖല നഗരത്തിൽ ആശാവഹമാണ്. ടെക്നോപാർക്ക് മുതൽ ഡി.റ്റി.പി സെന്റർ വരെ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെ ഒരു ശ്രേണി തന്നെ നഗരത്തിലുണ്ട്. ഐ.റ്റി വിദ്യാഭ്യാസം നഗരവാസികൾക്ക് പ്രാപ്തമാണ്. ഈ രംഗത്ത് നൂതന പ്രവണതകൾ പഠിക്കാനും സ്വായത്തമാക്കാനും നഗരവാസികൾ ശുഷ്കാന്തിയുള്ളവരാണ്. 11-ാം പഞ്ചവത്സര പദ്ധതിയിലെ നഗരസഭാ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന്റെ വിപുലീകരണവും അക്ഷയ സേവന കേന്ദ്രങ്ങളുടെ സ്ഥാപനവും ഈ രംഗത്ത് ദുർബല ജനവിഭാഗങ്ങളുടെ കടന്നുവരവിന് ആക്കംകൂട്ടി.

കമ്പ്യൂട്ടർ പരിശീലനം നടത്തിവന്ന വലുതും ചെറുതുമായ സ്വകാര്യ സ്ഥാപനങ്ങളിൽ നിലനിന്നിരുന്ന നിലവാരകുറവ്, വിവിധ ചൂഷണങ്ങൾ എന്നിവയെല്ലാം ഒരു പരിധി വരെ അവസാനിപ്പിക്കുവാൻ കുറഞ്ഞ നിലയിൽ ഉന്നത നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന് കഴിഞ്ഞിട്ടുണ്ട്. വിവിധ ജനവിഭാഗങ്ങൾക്ക് സേവനം നൽകുന്നതിന് ജനസേവനകേന്ദ്രവുമുണ്ട്. ഇവയുടെ വിപുലീകരണത്തിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

സ്വന്തം ഓഫീസ് കോംപ്ലക്സുകളും, മാർക്കറ്റിംഗ് കോംപ്ലക്സുകളും നിരവധി മറ്റു കെട്ടിടങ്ങളും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, അങ്കണവാടികൾ, പാർക്കുകൾ തുടങ്ങി വലിയൊരളവ് പൊതു കെട്ടിടങ്ങൾ നഗരസഭ പരിപാലിക്കേണ്ടതായിട്ടുണ്ട്. കൂടാതെ 3012 കി.മീ. റോഡുകളുമുണ്ട്. വളർന്നു വരുന്ന വികസനാവശ്യങ്ങൾക്കനുസരിച്ച് പുതിയവ നിർമ്മിക്കപ്പെണ്ടേതുമുണ്ട്. എന്നാൽ ആവശ്യാ ധിഷ്ഠിതമായും ദ്രുതഗതിയിലും ഈ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന പരിമിതി ഈ രംഗത്തുണ്ട്.

സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും, സാക്ഷരതയും, കേരള വികസന മാതൃകയും നഗരത്തിലെ സ്ത്രീകളുടെ പദവി ഉയർത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ സംരക്ഷണത്തിലും സ്ത്രീകൾ ഏറെ മുന്നിലാണ്. കഴിഞ്ഞ മൂന്ന് പഞ്ചവത്സര പദ്ധതികളിലെ പ്രവർത്തനങ്ങൾ സ്ത്രീ ശാക്തീകരണ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കി. എന്നാൽപ്പോലും രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ അദൃശ്യതയും, തൊഴിൽ മേഖലകളിലെ പ്രാതിനിധ്യ മില്ലായ്മയും, കുറഞ്ഞ വേതനവും, തൊഴിലിടങ്ങളിലെ ചൂഷണം, വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടാനുള്ള ധൈര്യക്കുറവ് എന്നിങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ ഈ രംഗത്ത് ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. കൗമാര പ്രായക്കാരും ശിശുക്കളും മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട സ്ഥിതിയിലാണ്. 11-ാം പദ്ധതിയുടെ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ ഈ പരിമിതികൾ I pd¨p s I mp hcp¶ XnÂ Hcp ]cn[nhsc hnPbn¨n«p. 12 þmw ]©h Õc ]² Xnbnepw Cu cwK¯ Ht«sd ]² XnI Ä B hnj I cn¨ \S¸nem¡nhcp¶p.

സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങളിൽ വൃദ്ധർ, വികലാംഗർ, പുറമ്പോക്ക് നിവാസികൾ, യാചകർ, തെരുവുകുട്ടികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നഗരസഭ ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ യാചക മുക്തനഗരമായി പ്രഖ്യാപിക്കുകയും യാചകരുടെ പുനരധിവാസത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടുമിരിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പും ചാരിറ്റബിൾ സൊസൈറ്റികളും നടത്തുന്ന ധാരാളം പുനരധിവാസ കേന്ദ്രങ്ങൾ നഗരത്തിലുണ്ട്. നഗരത്തിലെ അങ്കണവാടികൾ വഴി ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സമൂഹത്തിലെ എല്ലാദുർബല വിഭാഗങ്ങളുടെയും ക്ഷേമം ഉറപ്പാക്കുന്നതിന് ഈ സംവിധാനങ്ങൾ മതിയാവുന്നില്ല. അങ്കണവാടികൾ വഴി നടപ്പാക്കിയിരുന്ന പോഷകാഹാര വിതരണം, പാലും മുട്ടയും വിതരണം തുടങ്ങിയ പദ്ധതികൾ സമർത്ഥമായി നടപ്പാക്കിയത് ഈ രംഗത്തെ പുതിയ I mÂshb]mW.

നഗരവത്ക്കരണം ആരംഭിച്ചതുമുതൽ തന്നെ രൂക്ഷമായ പാർപ്പിട പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന നഗരമാണ് തിരുവനന്തപുരം. ഭവന നിർമ്മാണത്തിനായി ഭൂമി ഇല്ലാത്തവരുടെ സംഖ്യ വളരെ വലുതാണ്. ഒരു തുണ്ട് ഭൂമിയുണ്ടെങ്കിലും അതിൽ ഉറപ്പുള്ള വീട് സ്വന്തമായി നിർമ്മിക്കാൻ കഴിവില്ലാത്തവരും ധാരാളമുണ്ട്. ഇടത്തരക്കാർക്ക് ഭൂമി വിലയും കെട്ടിട നിർമ്മാണച്ചിലവും താങ്ങാൻ

കഴിയുന്നില്ല. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ക്വാർട്ടേഴ്സുകൾ വെറും നാമമാത്രമാണ്. സമ്പന്നർക്ക് മാത്രമേ നല്ല വീടുകൾ പണിയാൻ കഴിയുന്നുള്ളൂ. എന്നതാണ് ഇന്നത്തെ അവസ്ഥ. വികസിച്ചു വരുന്ന ഫ്ളാറ്റ് നിർമ്മാണവും വിപണനവും നഗരാസൂത്രണ കാഴ്ച്ചപ്പാടുമായി പൊരുത്തപ്പെടുന്നില്ല. നഗരസഭ 11 -ാം പഞ്ചവത്സര പദ്ധതിയിൽ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിരുന്നു 12 -ാം പഞ്ചവത്സര പദ്ധതിയിൽ എല്ലാവർക്കും പാപ്പിടം എന്ന ലക്ഷ്യം മുൻനിർത്തി ഭവന രഹിതരിൽ ഭൂമിയുള്ളവർക്ക് വീടുവയ്ക്കുന്നതിനും ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കുടിവെള്ളം, ഡ്രെയിനേജ്, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമല്ല. പരിഹരിക്കപ്പെടേണ്ട ഒട്ടേറെ പ്രശ്നങ്ങൾ ഈ രംഗത്തുണ്ട്. 11-ാം പദ്ധതിയിൽ ആരംഭിച്ച ഇ.എം.എസ് ഭവന പദ്ധതിയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കകത്ത് രൂപം നൽകി നടപ്പാക്കിവരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയും ഈ രംഗത്ത് ഒരു ഉണർവ്വ് പകർന്നിട്ടുണ്ട്. ഇത് തുടർന്നു കൊണ്ട് പോകുന്നതിന് വന്നുഭവിച്ചുകൊണ്ടിരിക്കുന്ന തടസങ്ങൾ ചെറിയ തിരിച്ചടിയുണ്ടാക്കിയിട്ടുണ്ട്. ബി.എസ്.യു.പി ഭവന പദ്ധതി, രാജീവ് ആവാസ്യോജന എന്നിവ ആരംഭിച്ച് നടപ്പാക്കിവരുന്നത് ഈ രംഗത്ത് നേട്ടമായി.

2001 സെൻസസ് കണക്കനുസരിച്ച് 85000 ത്തോളം പട്ടികജാതിക്കാർ നഗരത്തിലധി വസിക്കുന്നു. ഇവരിൽ ഭൂരിഭാഗവും ചേരികളിലും ചേരിസമാനമായ ഇടങ്ങളിലും തിങ്ങിപ്പാർക്കുന്നു. ചരിത്രത്തിലിടം നേടിയ പോരാട്ടത്തിലൂടെ ഈ വിഭാഗം സാമൂഹ്യ നിലനിൽപ്പ് ഉറപ്പിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളിലും, പൊതുസാമ്പത്തിക സ്ഥിതിയിലും ഈ വിഭാഗം മറ്റു പൊതുധാരയിലുള്ളവരിൽ നിന്ന് ഇന്നും പിന്നോക്കമായിത്തന്നെ തുടരുന്നു. 11-ാം പദ്ധതിയുടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സമർത്ഥമായ പട്ടികജാതി ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയത്. 12-ാം പഞ്ചവത്സര പദ്ധതിയിലും ഈ പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. പട്ടികജാതിക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ വരും വർഷങ്ങളിൽ ഒരു കുതിച്ചു ചാട്ടം തന്നെ പ്രതീക്ഷിക്കാം. തിരുവനന്തപുരം നഗര ചേരി രഹിത നഗരമായിമാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പണിപൂർത്തിയായിവരുന്ന മതിപ്പുറം കോളനി ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടമാണ്. കണ്ണമ്മൂല ബണ്ട് കോളനിയുടെ നിർമ്മാണത്തിനും 12 -ാം പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായും തുക വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ തിരുവനന്തപുരം ഏറെ മുന്നിലാണ്. സർക്കാർ, സ്വകാര്യ ആശുപത്രികൾ ധാരാളമുണ്ട്. ആർ.സി.സി, ശ്രീചിത്രാ മെഡിക്കൽ സെന്റർ ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ പ്രധാന ആശുപത്രികൾ ഇവിടെ ഉണ്ട്. മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്തു സെന്റർ വരെ നീളുന്ന ഗവ.ആശുപത്രി ശൃംഖലയുണ്ട്. സ്വകാര്യ മേഖലയിൽ ധാരാളം സ്പെഷ്യാലിറ്റി ആശുപത്രികളും ഉണ്ട്. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതിനുള്ള ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതും സർക്കാർ സംവിധാനത്തിന് സാധാരണക്കാരെ മുഴുവൻ ഉൾക്കൊള്ളാൻ തക്കവണ്ണമുള്ള സൗകര്യങ്ങൾ ഇല്ലാത്തതും ചികിത്സാരംഗത്ത് നികത്തേണ്ട വിടവുകളാണ്. 11-ാം പദ്ധതിയുടെ ആദ്യ വർഷം മുതൽ തന്നെ സാധാരണക്കാരുടെ ചികിത്സാ സൗകര്യ വർദ്ധനവിന് പല പദ്ധതികളും നടപ്പാക്കി. ഈ പ്രവർത്തനങ്ങൾ ഫലം കണ്ടുതുടങ്ങി. ആവശ്യത്തിന് മരുന്നും അടിസ്ഥാന സൗകര്യ വികസനവും കഴിഞ്ഞകാലങ്ങളിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 12 -ാം പഞ്ചവത്സര പദ്ധതിയിലും ആരോഗ്യ മേഖലയിൽ ജീവനശൈലി ജന്യരോഗ നിയന്ത്രണം, പാലിയേറ്റീവ് കെയർ, ജറിയാട്രിക് കെയർ, കാൻസർ രോഗനിയന്ത്രണവും ചികിത്സയും കൊതുക് ജന്യ രോഗ നിയന്ത്രണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മാലിന്യ നിർമ്മാർജ്ജനത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും കാര്യമായ ശ്രദ്ധയോടുകൂടിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നത് ആശാവഹമാണ്. നഗരസഭയുടെ ആരോഗ്യ വിഭാഗം ശക്തമായ ഇടപെടലുകളും പദ്ധതികളും ഈ രംഗത്ത് നടത്തി വരുന്നുണ്ട്. അടിക്കടി ഈ രംഗത്തെ പ്രശ്നങ്ങൾ വർദ്ധിച്ചുവരികയാണ്. ആശുപത്രികളും വ്യാപാര സ്ഥാപനങ്ങളും ഹോട്ടലുകളും പുറന്തള്ളുന്ന മാലിന്യങ്ങൾ, വർദ്ധിച്ചുവരുന്ന കൊതുകു ശല്യം തുടങ്ങി പല കാര്യങ്ങളും ഇനിയും വരുതിയാലാവാനുണ്ട്. 12-ാം പദ്ധതിയിലേറ്റെടുത്ത മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങളും, ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളും സ്ഥിതിയിൽ മാറ്റം വരുത്തുന്നുണ്ട്. വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറി പ്രവർത്തിക്കുവാൻ കഴി യാത്തത് ഈ മേഖലയിലെ പ്രശ്നം അതീവ ഗുരുതരമാക്കിയിട്ടുണ്ട്. 12 -ാം പദ്ധതിയിൽ ആരംഭിച്ച പൈപ്പു കമ്പോസ്റ്റ് പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതിനകം 70000 വീടുകളിൽ പൈപ്പ് കംമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം വലുതം ചെറുതു മായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഊന്നൽ നൽകിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഖരമാലിന്യം ഉറവിടങ്ങളിൽ സംസ്ക്കരിച്ച് പ്രശ്നത്തിന്റെ രൂക്ഷത കുറയ്ക്കേണ്ടതുണ്ട്. എയറോബിക് ബിന്നുകളുടെ സ്ഥാപനം, പൈപ്പു കമ്പോസ്റ്റുകൾ, പ്ലാസ്റ്റിക് റീ സൈക്ലിംഗ് - ഇ, മാലിന്യ ശേഖരണം, എന്നിവയിലൂടെയും, സ്വകാര്യ സംരം ഭകരുടെ ഗ്രൂപ്പുകൾ വഴിയും ഈ രംഗത്ത് ഏറെ മുന്നേറാനാവും.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് സമ്പന്നമാണ് തിരുവനന്തപുരം. വിദ്യാഭ്യാസത്തോട് നഗരവാസികൾക്ക് വലിയ ആഭിമുഖ്യമാണ്. പ്രീ പ്രൈമറി തലം മുതൽ പ്രൊഫഷണൽ കോളേജ് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലകളിൽ ഉണ്ട്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുമുണ്ട്. സർക്കാർ മേഖലയിൽ നടന്നിരുന്ന സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തെ മാത്രമേ ആശ്രയിക്കാൻ കഴിവുള്ളൂ എന്നുള്ള ദുർബല ജനവിഭാഗങ്ങൾ വിദ്യാഭ്യാസ രംഗത്തു നിന്നും പിന്തള്ളപ്പെടാനുള്ള സാദ്ധ്യത ഏറി വരുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന മുദ്രാവാക്യം ഏറ്റെടുത്ത 11-ാം പദ്ധതി ഈ സ്ഥിതിയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 12 -ാം പദ്ധതിയിൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളിൽ സേവന തല്പരത വളർത്തുന്ന തിനും അവരുടെ കായികമാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുമുള്ള കർമ്മ പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

എടുത്തു പറയാവുന്ന സാംസ്കാരിക പൈതൃകമുള്ള നഗരമാണ് തിരുവനന്തപുരം. അനേകം സാംസ്കാരിക സ്ഥാപനങ്ങളും സംഘടനകളും തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. തലയെടുപ്പുള്ള കലാകാരൻമാർ തിരുവനന്തപുരത്തെ പൗരൻമാരായിട്ടുണ്ട്. ലൈബ്രറികളും കലാകായിക - സാംസ്കാരിക സംഘടനകളും അനവധി ഉണ്ട്. സാംസ്കാരിക കൂട്ടായ്മകൾ ധാരാളം നടക്കുന്ന നഗരമാണ്. എന്നിരുന്നാലും ആധുനിക മാധ്യമങ്ങളും സാംസ്ക്കാരിക അധിനിവേശവും ഉയർത്തുന്ന വെല്ലുവിളികൾ ചെറുക്കുന്നതിന് നഗരത്തിലെ സാംസ്കാരിക രംഗം പൂർണ്ണമായും പര്യാപ്തമല്ല.

റോഡുകളുടെയും ജലനിർഗ്ഗമന സൗകര്യത്തിന്റെയും കാര്യത്തിൽ നഗരത്തിലെ സൗകര്യങ്ങൾ അപര്യാപ്തമായി തന്നെ തുടരുകയാണ്. അനുദിനം വർദ്ധിച്ചുവരുന്ന ഗതാഗതാവശ്യങ്ങൾക്ക് ഇന്നുള്ള റോഡുകൾ പര്യാപ്തമല്ല. നിമ്നോന്നത പ്രദേശമായ നഗത്തിലെ പ്രകൃതി ദത്തമായ ജലനിർഗ്ഗമന തോടുകൾ സംരക്ഷിക്കാത്തതും, ഇവയിലേയ്ക്ക് മാലിന്യങ്ങൾ ഒഴുകി എത്തുന്നതും ഗുരുതരമായ

പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. നഗരം വികസിക്കുന്നതിനനുസരിച്ച് നിർമ്മിക്കപ്പെടേണ്ടതും, സംരക്ഷിക്കപ്പെടേണ്ടതുമായ റോഡുകളുടെ പ്രവൃത്തികൾ വിഭവ ദാരിദ്ര്യം മൂലം നഗരസഭയ്ക്ക് പൂർത്തിയാക്കാനാകുന്നില്ല. ഡ്രെയിനേജ് സംവിധാനം നഗരത്തിൽ പൂർണ്ണമല്ല. JNNURM പദ്ധതിയിലെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തിയായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി പൊന്നും വിലയ്ക്കു എടുക്കുന്ന നടപടി പുരോഗമിക്കുന്നു.

ഊർജ്ജ മേഖലയിലെ പ്രശ്നം പ്രധാനമായും വൈദ്യുതി വിതരണത്തിന്റേതാണ്. ഇനിയും വൈദ്യുതി എത്തേണ്ട പ്രദേശങ്ങളും ദാരിദ്ര്യത്തിന്റെ തുരുത്തുകളുമുണ്ട്. വിതരണ രംഗത്ത് പഴയ ലൈനുകൾ പര്യാപ്തമല്ല. വോൾട്ടേജ് ക്ഷാമം കാര്യമായി അനുഭവപ്പെടുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും കാര്യക്ഷമമല്ല. സൗരോർജ്ജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജം തീരെ ഉപയോഗിക്കപ്പെടുന്നില്ല. എനർജി മാനേജ്മെന്റ് കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലയായിട്ട് അനുഭവപ്പെടുന്നു. കേരളത്തിൽ രൂഷമായ വൈദ്യുതിക്ഷാമവും പവർകട്ടും മറികടക്കുന്നതിന് പാരമ്പര്യ സ്രോതസ്സുകളെ ആശ്രയിച്ചേ മതിയാകൂ. ഈ ദിശയിലേക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 12 -ാം പഞ്ചവത്സര പദ്ധതിയിൽ നഗരസഭയുടെ പദ്ധതികൾ വൈദ്യുതി വിതരണ രംഗം കാര്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. തെരുവു വിളക്കുകൾ അറ്റകുറ്റപ്പണികൾ കൂടി നഗരസഭയുടെ ചുമതലയിൽ വന്നിരിക്കുന്നതിനാൽ ആ പ്രവൃത്തികളും ഏറ്റെടുത്തു നടത്തിവരുന്നു.

ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ മാതൃകയായിരുന്ന തിരുവനന്തപുരം നഗരം ഇപ്പോൾ പ്രതിസന്ധിയിലാണ്. കിണറുകൾ ഏതാണ്ട് പൂർണ്ണമായി തന്നെ ഉപേക്ഷിക്കപ്പെട്ടിരുന്നു. മറ്റു ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കാത്തതിനാൽ മലിനമായി നശിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ളത്തിനായി വാട്ടർ അതോറിറ്റിയെ മാത്രം ആശ്രയിക്കുന്ന സ്ഥിതിയാണ്. ഇന്ന് വർദ്ധിച്ചു വരുന്ന നഗരാവശ്യം നിറവേറ്റാൻ വാട്ടർ അതോറിറ്റിക്ക് ആവുന്നില്ല. വിതരണ ശൃംഖല അപര്യാപ്തവുമാണ്. മഴവെള്ള സംഭരണ പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് ആശാവഹമാണ്. ജെ.ബി.ഐ.സി പദ്ധതി പൂർത്തിയാക്കുന്നതോടെ സ്ഥിതിഗതികൾ മെച്ചപ്പെടാം. നഗരസഭയോട് കൂട്ടിചേർന്ന പഞ്ചായത്തുകൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ ശുചിത്വ കിണർ സ്ഥാപിക്കുന്നതിന് 12 -ാം പദ്ധതി ലക്ഷ്യമിടുന്നു.

ആസൂത്രിതമായ നഗരവികസനം തിരുവനന്തപുരത്തിന്റെ അടിയന്തിരാവശ്യമാണ്. ട്രിഡ ഈ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തീരെ പരിമിതമാണ്. റോഡുകൾ, ജല നിർഗ്ഗമന സൗകര്യങ്ങൾ, ജലപാതകൾ, വെള്ളപ്പൊക്ക നിവാരണം, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കേണ്ടതുണ്ട്. വലിയ ഒരളവ് പ്രവർത്തനങ്ങൾ ഈ രംഗത്ത് ചെയ്തു തീർക്കുവാനുണ്ട്. സുസ്ഥിര നഗരവികസന പദ്ധതിക്ക് ആരംഭം കുറിക്കാൻ കഴിഞ്ഞു എന്നത് ഈ രംഗത്ത് പ്രതീക്ഷ നൽകുന്ന കാര്യമാണ്. കൂടാതെ നഗരത്തിന്റെ മാസ്റ്റർപ്ലാൻ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അന്തിമാക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു.

വികസനത്തിന്റെ പാതയിൽ ഏറെ മുന്നോട്ടു പോയിട്ടുള്ള നഗരമാണെങ്കിലും കൂടി സമസ്ത മേഖലകളിലും നിരവധി വികസന പ്രവർത്തനങ്ങൾ ആസൂത്രിതമായി, അടിയന്തിരമായി ഏറ്റെടുക്കേണ്ടതുണ്ട്. സുസ്ഥിര നഗരവികസന പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോവുക എന്നത് ഈ രംഗത്തെ ഭാരിച്ച ഉത്തരവാദിത്വമാണ്.

**അദ്ധ്യായം - II**

## മുൻവാർഷിക പദ്ധതി വിലയിരുത്തൽ

### കൃഷി

12 -ാം പഞ്ചവത്സര പദ്ധതിയിൽ പരമ്പരാഗത കൃഷിരീതിയും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണവും വിപണനവും ലക്ഷ്യമാക്കിയിരുന്നു. വീട്ടുവളപ്പിലും ടെറസ്സിലും പച്ചക്കറികൃഷി, പച്ചക്കറി വിത്ത് വിതരണം ഹരിതനഗരം എന്നീ പദ്ധതികൾ നടപ്പിലാക്കിയതോടെ കുടുംബങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണരീതി എന്ന ആശയം വ്യാപിപ്പിക്കാൻ കഴിഞ്ഞു. കാർഷിക രംഗത്ത് യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. സ്ത്രീകളെ വ്യക്തിപരമായും കൂട്ടായും കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുവാനായത് വിജയമായി.

### മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖലയിൽ കാലിതീറ്റ വിതരണം, കന്നുകുട്ടി പരിപാലനം പശു വളർത്തൽ, പശുക്കൾക്ക് റബ്ബർ ഫ്ളോർമാറ്റ്, കാലിതൊഴുത്ത് നിർമ്മാണം എന്നിവ നടപ്പിലാക്കുവാൻ കഴിഞ്ഞു. കാടവളർത്തൽ, റാബിറ്റ് റെസ്റ്റോറന്റ്, മുയലുകളുടെ ലോകം, സുരക്ഷ എന്നിവ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. മൃഗാശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കി.

### ചെറുകിട വ്യവസായം

ഈ മേഖലയിൽ കഴിഞ്ഞ വർഷം പുരുഷവ്യവസായ തൊഴിൽ സംരംഭങ്ങൾ, പുതിയ വനിതാ വ്യവസായ തൊഴിൽ സംരംഭങ്ങൾ എന്നിവ പൊതു വിഭാഗത്തിലും പുതിയ വനിതാ വ്യവസായ തൊഴിൽ സംരംഭങ്ങൾ, വനിതകൾക്കു ഓട്ടോറിക്ഷ എന്നിവ പട്ടികജാതി മേഖലയിലുമായി ഏറ്റെടുത്തു. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കി. പല കാരണങ്ങളാൽ മുൻ വർഷങ്ങളിൽ മാറ്റിവയ്ക്കപ്പെട്ട പദ്ധതികൾ 2014 – 15 ൽ തുടർന്നു നടപ്പാക്കി.

### മത്സ്യബന്ധനം

മത്സ്യമാർക്കറ്റുകളുടെ നവീകരണം. കുളങ്ങളിൽ മത്സ്യകൃഷി, മത്സ്യബന്ധനത്തിനുള്ള കട്ടമരം, വല, തീരജ്യോതി എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. ഇവയിൽ തീരജ്യോതി പദ്ധതി പ്രകാരം 49 പേർക്ക് വീട് വയറിംഗിന് ധനസഹായം നൽകി. കട്ടമരം വല പദ്ധതി നടപ്പിലാക്കി. 3 കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യ മാർക്കറ്റുകളുടെ നവീകരണം, മത്സ്യതൊഴിലാളി വിശ്രമകേന്ദ്രം നിർമ്മാണം പുനരുദ്ധാരണം എന്നീ പ്രോജക്ടുകൾ നടന്നുവരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതും, സ്വയംതൊഴിൽ മേഖലിയൽ അലങ്കാര മത്സ്യകൃഷി നടപ്പാക്കിയതും എടുത്തുപറയാവുന്ന പദ്ധതികളാണ്.

## ദാരിദ്ര്യ നിർമ്മാർജ്ജനം

2013-14 ലെ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പദ്ധതികളിൽ വീടിന്റെ ഗുണമേന്മ വർദ്ധന വൈദ്യുതി ലൈൻ നീട്ടൽ, വീടുവയറിംഗ് ശുചിത്വ കക്കൂസ് നിർമ്മാണം, ആശ്രയ പദ്ധതി, ഭവന പുനരുദ്ധാരണം എന്നിവ നടന്നുവരുന്നു. സമയബന്ധിതമായി 2014-15 ൽ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ സ്പിൽഓവറായി തുടരുന്നുണ്ട്.

## സാമൂഹ്യക്ഷേമം

അംഗനവാടി പോഷകാഹാരം, അംഗനവാടി പാൽ വിതരണം, അംഗനവാടികൾക്ക് അധിക വാടക, അംഗനവാടി പ്രവർത്തകർക്ക് അധിക വേതനം, മഹിളാ മന്ദിരം, വനിതാ വികലാംഗസദനം എന്നീ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് അധിക സൗകര്യം, ബാലസംഗമം, അംഗനവാടികൾക്ക് ഉപകരണങ്ങൾ, വികലാംഗ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി. വട്ടിയൂർക്കാവ് വൃദ്ധസദനം സജ്ജ മാക്കി. പ്രവർത്തനം ആരംഭിച്ചിട്ടില്ല. ജാഗ്രതാ സമിതി, കുട്ടികളുടെ ചിത്രരചനാഭിരുചി വളർത്തൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കാഴ്ച ശക്തിയില്ലാ ത്തവർക്ക് സ്പീക്കിംഗ് ലാപ്ടോപ്പുകൾ നൽകിയതും വികലാംഗരായിട്ടുള്ളവർക്ക് വീൽചെ യർ, ട്രൈസൈക്കിൾ, ട്രൈസ്കൂട്ടർ എന്നിവ നൽകിയതും, മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതും എടുത്തു പറയാവുന്ന പദ്ധതികളായി.

## പട്ടികജാതി വികസനം

2014-15 സ്പിൽ ഓവർ ഉൾപ്പെടെ ഈ മേഖലയിൽ നഗരസഭ ഏറ്റെടുത്ത പ്രോജക്ടുകളിൽ പശ്ചാത്തല മേഖലയിൽ വരുന്ന വിവിധ അടിസ്ഥാന സൗകര്യ വിക സന പദ്ധിതികളും, ഉദ്പാദന, സേവന മേഖല പ്രോജക്ടുകളും ഉൾപ്പെട്ടിരുന്നു. വീടുക ളുടെ ഗുണമേന്മ വർദ്ധന, വിവാഹ ധനസഹായം, വീടുകളുടെ അറ്റകുറ്റപ്പണി, ശുചിത്വ കക്കൂസ്, ഭവന നവീകരണം ഭൂരഹിത ഭവന രഹിത പദ്ധതി, വിധവകൾക്കുള്ള ഭവന പദ്ധതി, സൗജന്യ പൈപ്പ് കണക്ഷൻ, കുടിവെള്ളക്കിണർ പുനരുദ്ധാരണം, റിപ്രോഗ്രാ ഫിക് സെന്റർ, ബുക്ക് ബയന്റിംഗ് യൂണിറ്റ് പ്രവർത്തനം മെച്ചപ്പെടുത്തൽ തൊഴിൽ വൈദഗ്ധ്യ പരിശീലനം, എൻട്രൻസ് പരിശീലനം, പി.എസ്.സി കോച്ചിംഗ്, വിദേശത്ത് പോകാനുള്ള ധനസഹായം, എന്നിവ നടപ്പാക്കിവരുന്നു. മറ്റു പ്രോജക്ടുകൾക്കുള്ള ആനു കൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു. പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി തുടർന്നുവരുന്നു. പൂർത്തിയാകാത്ത പദ്ധതികൾ സ്പിൽ ഓവ റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

വനിതാ ഘടക പദ്ധതി പ്രകാരം 17 കോടിയിലധികം രൂപയുടെ പ്രോജക്ടുകൾ 2014-15 വർഷം തയ്യാറാക്കിയിരുന്നു. ഇവയിൽ വീടുകളുടെ ഗുണമേൻമ വർദ്ധന, വനിത സ്വയം തൊഴിൽ സംരംഭങ്ങൾ കറവപ്പശുതീറ്റ, ആട്, കന്നുകുട്ടി എരുമക്കുട്ടി വാങ്ങൽ, വനിതകൾക്ക് യോഗങ്ങൾ കൂടുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നിർമ്മിക്കൽ, വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ, വനിതകൾക്കുള്ള കാർഷിക പദ്ധതികൾ മുതലായവ ഉൾപ്പെടുന്നു. ഇവയിൽ പലതും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ നടന്നുവരുന്നു.

## ആരോഗ്യം

അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധആശുപത്രികൾക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് കെയർ, ആശുപത്രികൾക്ക് ഉപകരണങ്ങൾ, ഫർണിച്ചറുകൾ വാങ്ങൽ, ജീവിത ശൈലിജന്യരോഗ നിയന്ത്രണവും ചികിത്സയും, ക്യാൻസർ ചികിത്സ മുതലായ പ്രോജക്ടുകൾ ഈ മേഖലയിൽ കഴിഞ്ഞ വർഷം ഏറ്റെടുത്തിരുന്നു. എല്ലാ വിഭാഗം ആശുപത്രികൾക്കുമുള്ള മരുന്നുകൾ ഫർണിച്ചറുകൾ, ഉപകരണങ്ങൾ മുതലായവ വാങ്ങി നൽകി. പാലിയേറ്റീവ് കെയർ, ജീവിത ശൈലീജന്യരോഗ നിയന്ത്രണവും ചികിത്സയും തുടങ്ങിയ പ്രോജക്ടുകൾ തുടർ പ്രോജക്ടുകളായി നടപ്പിലാക്കിവരുന്നു. ആശുപത്രികളുടേയും, പി.എച്ച്.സികളുടേയും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു.

## ശുചിത്വം

ഉറവിടങ്ങളിൽ മാലിന്യസംസ്ക്കരണം ക്ലോറിനേഷൻ, കൊതുകനിവാരണ പ്രവർത്തനം എലി നിയന്ത്രണ പരിപാടി, തലസ്ഥാന നഗരം ശുചിത്വ നഗരം, പൈപ്പ് കമ്പോസ്റ്റ് ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയുള്ള പ്രോജക്ടുകൾ 2014-15 ൽ ഏറ്റെടുത്തിരുന്നു. ഈ പ്രവർത്തനങ്ങൾ തുടർ സ്വഭാവമുള്ളവയാണ്. പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനം പൂർണ്ണതോതിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ പദ്ധതികൾ നടപ്പാക്കുവാൻ തുടക്കമായിട്ടുണ്ട്.

## വിദ്യാഭ്യാസം

ഉണർവ്വ്, 10-ാം തരത്തിൽ നൂറുമേനി, കനവ്, കൗമാരക്ലബ്ബ് അക്ഷരാലയങ്ങളിൽ കമ്പ്യൂട്ടർ, സ്കൂൾ ലാബ്, അദ്ധ്യാപകർക്ക് മേശയും കസേരയും, സ്കൂളുകളിൽ ബഞ്ചും ഡസ്ക്കും, നഗരം സംഗീത സാന്ദ്രം, മനസ്, വികാസ്, തുടങ്ങിയ പ്രോജക്ടുകൾ 2014-15 വർഷം ഏറ്റെടുത്തിരുന്നു. ഈ പ്രോജക്ടുകളിൽ പൂർത്തിയാക്കാൻ കഴിയാത്തവ സ്പിൽ ഓവറായി തുടരും. ഗണിത ലാബ്, പ്രീ പ്രൈമറിയിൽ ഫർണിച്ചർ, പ്രീപ്രൈമറി കുട്ടികൾക്ക് കളിയുപകരണങ്ങൾ എന്നിവ പൂർത്തിയാക്കി.

## കായികം, വിനോദം, യുവജനക്ഷേമം

കളരി, സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ, കുട്ടികൾക്ക് നീന്തൽ പരിശീലനം, കായികോപകരണ വിതരണം തുടങ്ങിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

## നഗരാസൂത്രണം

നഗരത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പാർക്ക് നവീകരണം എന്നി ഏറ്റെടുത്തിരുന്നു. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പൂർത്തിയായി പാർക്ക് നവീകരണ പ്രവർത്തികൾ തുടർന്നുവരുന്നു.

## പൊതുമരാമത്ത്

പ്ലാൻ ഫണ്ടും മെയിൻന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് 1500 ഓളം മരാമത്തു പണികൾ നഗരസഭ 2014-15 ൽ ഏറ്റെടുത്തിരുന്നു. ഇതിൽ പുതിയ പദ്ധതികളും സ്പിൽ

ഓവർ പദ്ധതികളും ഉൾപ്പെട്ടിരുന്നു, ഇവയിൽ ബഹുഭൂരിപക്ഷവും റോഡു നിർമ്മാണ പ്രവൃത്തികളായിരുന്നു. ആശുപത്രി കെട്ടി നിർമ്മാണം, അംഗനവാടി കെട്ടിട നിർമ്മാണം, കൃഷിഭവൻ, മൃഗാശുപത്രി, സർക്കാർ സ്കൂൾ എന്നിവിടങ്ങളിൽ കെട്ടിട നിർമ്മാണം, ഇവകളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, റോഡ് അറ്റകുറ്റപ്പണികൾ മുതലായവ പൂർത്തീകരിച്ചു. ബാക്കി പണികൾ സ്പിൽ ഓവറായി നടന്നുവരുന്നു.

**ഊർജ്ജം**

ഊർജ്ജമേഖലയിൽ 4 കോടിയോളം രൂപയുടെ ലൈൻ നീട്ടൽ പ്രവൃത്തികൾക്ക് തുക കെ.എസ്.ഇ.ബി യുടെ വിവിധ സെക്ഷൻ ഓഫീസുകളിൽ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ പ്രവർത്തികൾ പൂർത്തിയായിവരുന്നു. കൂടാതെ നഗരസഭ കോമ്പൗണ്ടിൽ ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് ഓരോ വർഷവും പദ്ധതികൾ രൂപീകരിച്ച് മുടക്കമില്ലാതെ നടപ്പാക്കിവരുന്നു.

**പാർപ്പിടം**

എല്ലാവർക്കും പാർപ്പിടമെന്ന ലക്ഷ്യം നേടുന്നതിന്റെ ചുവടുവയ്പ്പായി കഴിഞ്ഞ വർഷം 4 കോടി രൂപ ഭവന പദ്ധതിക്കായി മാറ്റി നിക്ഷേപിച്ചു. ഇ.എം.എസ് ഭവന പദ്ധതിക്ക് വേണ്ടി കൂട്ടിചേർത്ത പഞ്ചായത്തുകൾ എടുത്തിരുന്ന ലോൺ പൂർണമായി അടച്ചുതീർന്നിട്ടുണ്ട്. ഭവന നിർമ്മാണത്തിന് 10 കോടി നീക്കിവച്ചിരുന്നു. സമയപരിമിതി മൂലം പൂർണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല അത് സ്പിൽ ഓവറായി തുടരുന്നു.

**കുടിവെള്ളം**

ഏകദേശം 5 കോടിയിലധികം രൂപ കുടിവെള്ള പൈപ്പ് ലെയിൻ നീട്ടുന്നതിനായി നഗരസഭ കെ.ഡബ്ല്യൂ.എ യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു. ദുർബല ജനവിഭാഗങ്ങൾക്ക് പൈപ്പു കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തുടർന്നുവരുന്നു. കുടിവെള്ള കിണർ നിർമ്മാണത്തിനും ധനസഹായം നൽകുന്ന പദ്ധതി ഉണ്ട്.

## അദ്ധ്യായം III

### 2014 – 15 വർഷത്തെ പദ്ധതി വിശകലനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതി (2014-2015) തിരുവനന്തപുരം നഗരസഭ പൂർത്തീകരിച്ചു കഴിഞ്ഞു. ചില പദ്ധതികൾ ഉദ്ദേശിച്ച സമയത്ത് പൂർത്തീകരിക്കുവാനായിട്ടില്ല. നടപടിക്രമങ്ങൾ മിക്കവാറും പൂർത്തീകരിച്ചിട്ടുള്ള ഈ പദ്ധതികൾ സ്പിൽഓവറായി ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതാണ്.

2014-15 വർഷത്തിൽ പുതിയ പദ്ധതികളും സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ ആകെ 1863 പ്രോജക്ടുകൾക്കാണ് പ്ലാനിംഗ് കമ്മിറ്റിയുടെ അന്തിമാംഗീകാരം ലഭിച്ചത് അതിന്റെ വിവരങ്ങൾ താഴെ പട്ടികയായി ചേർത്തിരിക്കുന്നു.

# 2014 – 15 ലെ ഫണ്ട് വിവരം

## വികസന ഫണ്ട്

| | |
|---|---|
| പൊതുവിഭാഗം, സാധാരണ വിഹിതം | 1015860285 |
| 13 -ാം ധനകാര്യ കമ്മീഷൻ | 667644266 |
| ആകെ (പൊതുവിഭാഗം) | 1683504551 |
| പ്രത്യേക ഘടക പദ്ധതി | 329413782 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 84726 |
| **വികസന ഫണ്ട് ആകെ** | **2013003059** |
| **മെയിന്റനൻസ് ഗ്രാന്റ്** | |
| റോഡ് | 265764935 |
| റോഡിതരം | 232050088 |
| **മെയിന്റനൻസ് ഗ്രാന്റ് ആകെ** | **497815023** |
| | |

| | **അനുബന്ധം 2 പ്രകാരമുള്ള തുക** | **വകയിരുത്തിയ തുക** |
|---|---|---|
| സാധാരണ വിഹിതം | 1015860285 | 1015860285 |
| 13 -ാം ധനകാര്യ കമ്മീഷൻ അവാർഡ് | 667644266 | 667644266 |
| **ആകെ** | **1683504551** | **1683504551** |
| ലോക ബാങ്ക് സഹായം | 0 | 0 |
| പ്രത്യേക ഗ്രാന്റ് | 0 | 0 |
| ആകെ പൊതുവിഭാഗം വികസന ഫണ്ട് | **1683504551** | **1683504551** |
| പ്രത്യേക ഘടകപദ്ധതി | 329413782 | 329413782 |
| പട്ടികവർഗ്ഗ ഉപപ്ദ്ധതി | 84726 | 84726 |
| **ആകെ വികസന ഫണ്ട്** | **2013003059** | **2013003059** |
| റോഡിതരം | 232050088 | 232050088 |
| റോഡ് | 265764935 | 265764935 |
| **ആകെ** | **497815023** | **497815023** |
| വനിതാ ഘടക പദ്ധതി | 160409626 | 156557163 |
| കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ മറ്റ് ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി | 80204813 | 229007943 |
| യുവജന വികസന പരിപാടി | 27830400 | 29175000 |
| **ആകെ പ്രത്യേക വിഭാഗങ്ങൾ** | | |
| പൊതുവിഭാഗം - പശ്ചാത്തലം | 755982850 | 539871086 |



2014-15 ൽ സമയബന്ധിതമായിത്തന്നെ പദ്ധതികൾക്ക് അംഗീകാരം നേടുന്നതിനും ശുഷ്കാന്തിയോടെ അവ നടപ്പാക്കുന്നതിനുമാണ് നഗരസഭ നിഷ്കർഷിച്ചത്. പദ്ധതി നടത്തിപ്പിൽ തടസ്സമോ കാലതാമസമോ ഉണ്ടായിടത്തെല്ലാം ഫലപ്രദമായി ഇടപെടാനും പ്രോജക്ടുകളിൽ ഭേദഗതികളോ മാറ്റങ്ങളോ വരുത്തി ഡി.പി.സി അംഗീകാരം ലഭ്യമാക്കുന്നതിനും, പദ്ധതി നടത്തിപ്പ് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൗൺസിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് പദ്ധതി നിർവ്വഹണം തടസ്സമില്ലാതെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലും ഇതു തന്നെയാണ് നമ്മുടെ അനുഭവം ഫലപ്രദമായ പദ്ധതി രൂപീകരണ സമ്പ്രദായങ്ങളും പദ്ധതി നിർവ്വഹണ ശൈലികളും നഗരസഭയിൽ സ്ഥായിയായി നിലനിൽക്കുന്നുണ്ട് എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**അദ്ധ്യായം IV**

## ജയപരാജയ കാരണങ്ങൾ

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ കഴിഞ്ഞ പതിനഞ്ചു കൊല്ലത്തെ അനുഭവ പാഠങ്ങൾ വളരെ അവധാനതാപൂർവ്വം വിലയിരുത്തിയാണ് 12-ാം പദ്ധതിയുടെ ആദ്യ വർഷ ങ്ങളിലെ പദ്ധതി രൂപീകരണത്തിലേയ്ക്ക് നാം കടന്നത്. വിപുലമായ അനുഭവ സമ്പത്തും, അതു കൈമുതലാക്കിയ പ്രഗൽഭരായ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നിരവധി സന്നദ്ധ പ്രവർത്തകരും, അവകാശബോധമുള്ള വിപുലമായ പൗരസഞ്ചയവും ചേർന്ന ബൃഹത്തായ ഒരു ടീമാണ് പദ്ധതി രൂപീകരണവും നിർവ്വഹണവും നടത്തിയത്. ഈ സാധ്യത പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പ്രവർത്തനങ്ങളിൽ ഏറെ നേട്ടങ്ങൾ കൊയ്യുവാനും നമ്മെ പ്രാപ്തരാക്കി.

സേവന മേഖലയിലും വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലും മുൻപദ്ധതിയേക്കാൾ സമയബന്ധിതമായും വേഗത്തിലും സുതാര്യമായും 12-ാം പഞ്ചവത്സര പദ്ധതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിട്ടുണ്ട്. പാർലമെന്റ് ഇലക്ഷനുമായി ബന്ധപ്പെട്ടു ആനുകൂല്യ വിതരണങ്ങക്ക് ഉണ്ടായ നിയന്ത്രണ ങ്ങൾ വ്യക്തിഗത ഗുണഭോക്താക്കളുടെ ആനുകൂല്യ വിതരണത്തെ താമസിപ്പിക്കുവാൻ കാരണമായി.

ഏറെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു കൊണ്ടു പോയിട്ടുള്ള ഒരു മേഖലയാണ് പട്ടികജാതിക്ഷേമ മേഖല. പരമ്പരാഗതമായി നടപ്പിലാക്കി വന്ന പദ്ധതികൾ കൂടാതെ തന്നെ നവീനവും നഗര സാഹചര്യങ്ങൾക്ക് അനുയോജ്യവും, അഭ്യസ്ഥവിദ്യരായവർക്ക് കൂടുതൽ തൊഴിലവസര ലഭ്യതയുണ്ടാകുന്നതുമായ പദ്ധതികൾ കൂടി ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിൽ ഈ മേഖല ഏറെ വിജയിച്ചു.

വിവിധ മേഖലകളിലെ പദ്ധതികളുടെ സംയോജിപ്പിച്ചുള്ള നടത്തിപ്പ് പദ്ധതി നിർവ്വഹണം എളുപ്പത്തിലാക്കുകയും, ഗുണഭോക്താക്കൾക്ക് ഏറെ പ്രയോജന കരമാക്കുകയും തന്മൂലം എല്ലാ മേഖലകളിലും പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം കൈവരിക്കുകയും ചെയ്തു എന്ന വസ്തുത തുടർന്നും ഈ ദിശയിലുള്ള പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ കൂടുതൽ ശുഷ്ക്കാന്തിയോടെ ഏറ്റെടുക്കണം എന്ന ആവശ്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

പശ്ചാത്തല സൗകര്യ വികസനങ്ങൾ സമയ ബന്ധിതമായി തീർക്കുവാൻ കഴിഞ്ഞതും, നേട്ടങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്നു.

ആരോഗ്യ - ശുചിത്വ രംഗത്ത് തിരുവനന്തപുരം നഗരസഭ വ്യക്തിമുദ്ര പതിപ്പിച്ച പദ്ധതി പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നടന്നത്. വിവിധ ആശുപത്രികളുടെ ഭൗതിക സൗകര്യ വികസനവും മരുന്നുവിതരണവും സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിലും ഉറ വിടത്തിൽ മാലിന്യം സംസ്ക്കരണത്തിനായുള്ള പദ്ധതിയും ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ട്. മികച്ച രീതിയിൽ തുടർന്നു വരുന്നു. പാലിയേറ്റീവ് കെയർ പദ്ധതി എടുത്തുപറയേണ്ടതാണ്.

ഒരു നഗരവൽകൃത സമൂഹത്തിൽ പരമ്പരാഗത ഉദ്പാദന മേഖലകളായി കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധം, ചെറുകിട വ്യവസായം- എന്നിവയിൽ പരമ്പരാഗത രീതിയി ലുള്ള പദ്ധതികൾക്ക് വേണ്ടത്ര പിന്തുണ ലഭിക്കുന്നില്ല. ഈ മേഖലകളിൽ നവീനാശയ ങ്ങൾ ഉൾപ്പെട്ട പ്രോജക്ടുകൾക്ക് ജനാംഗീകാരം ലഭിക്കുന്നുണ്ട്. ഉദ്പാദന മേഖലകളിൽ നഗരസാഹചര്യങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത് ആവശ്യ മായിരിക്കുന്നു.

**അദ്ധ്യായം - V**

## 7. വകുപ്പുകളുടെ / ഏജൻസികളുടെ പരിപാടികൾ

## കൃഷിയും അനുബന്ധമേഖലയും

| നടപ്പിലാക്കിയ ഏജൻസികളുടെ പേര് | പ്രവർത്തനങ്ങൾ |
|---|---|
| എ. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം) | വാഴകൃഷി, പച്ചക്കറികൃഷി, കൂൺകൃഷി, പുഷ്പകൃഷി മുതലായ പദ്ധതികൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് സഹായം നല്കുന്നു. |
| ബി. എ.റ്റി.എം.എ (അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) | 1. ഫാം സ്കൂളുകളും പ്രദർശനത്തോട്ടങ്ങളും, കർഷകർക്ക് കണ്ടുപഠിക്കുന്നതിന് നൂതന ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിച്ചുകൊണ്ടുള്ള പ്രദർശനത്തോട്ടങ്ങളും ഫാം സ്കൂളുകളും കർഷകന്റെ കൃഷിയിടങ്ങളിൽ നടപ്പാക്കുന്നു.<br>2. നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളും കൃഷിഫാമുകളും പുരോഗമന കർഷകരുടെ കൃഷിയിടങ്ങളും സന്ദർശിക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>3. കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമുള്ള നൂതന സാങ്കേതിക വിദ്യകൾക്കുള്ള പരിശീലന പരിപാടികൾ കൃഷിവകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. |
| സി. നാളികേര വികസന ബോർഡ് പദ്ധതികൾ (സി.ഡി.,ബി) | 1. തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നാളികേര ഉല്പാദക സംഘം രൂപീകരിച്ച് രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ ധനസഹായം നല്കുന്നു. മുറിച്ച തെങ്ങുകൾക്കു പകരം സബ്സിഡി നിരക്കിൽ തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നു. അവശേഷിക്കുന്ന തെങ്ങുകളുടെ പുനരുദ്ധാരണത്തിന് സൗജന്യമായി രാസവളവും കമ്മായവും പച്ചിലവളത്തിന്റെ വിത്തും നല്കുന്നു. |

*മത്സ്യബന്ധനം*

## ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1) സമഗ്ര സമ്പാദ്യ ആശ്വാസ പദ്ധതി - മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലത്ത് ധനസഹായം
2) ഭവന നിർമ്മാണം - ഭവന രഹിതർക്ക് വീട് നിർമ്മിക്കാൻ ധനസഹായം
3) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യഭ്യാസ ആനുകൂല്യം - തുടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ
4) മാതൃകാ മത്സ്യഗ്രാമം - വലിയതുറ മത്സ്യഗ്രാമം സമ്പൂർണ്ണ വികസനം നടപ്പിലാക്കുന്നു.

**മത്സ്യഫെഡ്**

മത്സ്യത്തിന്റെയും അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉത്പാദനം, സംസ്കരണം, വിപണനം തുടങ്ങിയവ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

**കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവാഹ സാമ്പത്തിക സഹായം, വയോജന പെൻഷൻ, അപകടത്തിൽപെടുന്നവർക്ക് അടിയന്തിര സഹായം, വിധവ പെൻഷൻ, കുടുംബക്ഷേമ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുന്നു.

**അഡാക്ക്**

മത്സ്യകൃഷിക്കുള്ള സാമ്പത്തിക സഹായം, ഹാച്ചറികളും, മത്സ്യഫാമുകളും നിർമ്മിക്കാൻ ധനസഹായം തുടങ്ങിയവ ലഭിച്ചു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

തീരദേശ മേഖലയിലെ റോഡുകളുടെ നിർമ്മാണം, പുനർ നിർമ്മാണം, എന്നിവയിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുക ലക്ഷ്യം.

**സാഫ്**

മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണം, മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം, വിപണനം, വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്ക് സഹായം, തുടങ്ങിയവ ലക്ഷ്യം. വിപണന മേളകൾ സംഘടിപ്പിക്കുന്നു.

**അദ്ധ്യായം VI**

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### കണക്കുകൾ, രേഖകൾ തയ്യാറാക്കൽ

തിരുവനന്തപുരം നഗരസഭയിൽ 100 വാർഡുകളും 955494 ജനങ്ങളുമുണ്ട്. നഗരസഭയുടെ മുഖ്യ വരുമാന സ്രോതസ് വസ്തുനികുതിയും തൊഴിൽ നികുതിയുമാണ്. കൂടാതെ മറ്റു നികുതികളും ഫീസുകളും പിഴയും മുഖേന വരുമാനം വർദ്ധിപ്പിക്കുന്നു. സർക്കാരിൽ നിന്നും പൊതു ആവശ്യഗ്രാന്റ് ലഭിക്കുന്നു. നഗസഭയോട് 2000,2010 എന്നീ കാലയളവിൽ 5 വീതം 10 ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്തിട്ടുണ്ട്. കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വസ്തുനികുതി നിരക്ക് വളരെ കുറവാണ് കൂടാതെ 1993-94 നു ശേഷം നികുതി പരിഷ്ക്കരണം നടന്നിട്ടില്ല. എന്നാൽ 1997, 2004, 2009 കാലങ്ങളിൽ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടന്നിട്ടുണ്ട്. ഈ കാലയളവിൽ കറണ്ട് ചാർജ്ജ് വാട്ടർ ചാർജ്ജ് എന്നിവയ്ക്ക് ഭീമമായ വർദ്ധനവുണ്ടായി. ചുരുക്കത്തിൽ നഗരസഭയുടെ ദൈനംദിന ചെലവുകൾ ഭീമമായി വർദ്ധിച്ചുവെങ്കിലും അതിനനുസരിച്ചുള്ള വരുമാന വർദ്ധവ് ഉണ്ടായിട്ടില്ല. കണക്കുകളും രേഖകളും സൂക്ഷിക്കുന്നതിനുള്ള സമ്പ്രദായം പൂർണമായും കമ്പ്യൂട്ടർവൽക്കരിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. നഗരസഭയെ ഒരു പേപ്പർലെസ് ഓഫീസാക്കി മാറ്റുന്നതിനുള്ള ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകണം

നഗരസഭയുടെ വസതു നികുതി മറ്റു നികുതികൾ ഫീസുകൾ എന്നിവ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്.

### ജനസേവനം & ഐ.റ്റി

നഗരസഭയിൽ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണതോതിലായിട്ടില്ല. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം (ഡബിൾ എൻട്രി) പൂർണ്ണമായ കമ്പ്യൂട്ടർവത്ക്കരണം അത്യന്താപേക്ഷിതമാക്കുന്നു. നഗരസഭയ്ക്ക് ഒരു മെയിൻ ഓഫീസും 11 സോണൽ ഓഫീസുമുണ്ട്. സോണൽ ഓഫീസുകൾ മെയിൻ ഓഫീസിൽ നിന്നും ഒറ്റപ്പെട്ട അവസ്ഥയിലാണ്. ഇ ഗവേൺസ് നടപ്പാക്കേണ്ടതുണ്ട്. നികുതികളും ഫീസുകളും ഇ പേമെന്റു മുഖേനയാക്കേണ്ടതുണ്ട്. സോണൽ ആഫീസുകൾക്ക് മെയിൻ ഓഫീസുമായി കണക്ടിവിറ്റി ഉണ്ടാക്കണം. വിവിധതരം സർട്ടിഫിക്കറ്റുകൾ ഓഫീസിൽ വരാതെ ഡൗൺലോഡുചെയ്തെടുക്കുന്ന രീതി ഉണ്ടാകേണ്ടതുമുണ്ട്.

### കൃഷിയും അനുബന്ധമേഖലയും

കേരളത്തിന്റെ തനതു വിളയായ തെങ്ങിന് സംഭവിച്ചിട്ടുള്ള രോഗങ്ങൾ, നീർത്തടങ്ങൾ, നെൽവയലുകൾ എന്നിവയുടെ വ്യാപകമായ നികത്തൽ, കൃഷിഭൂമികൾ തരിസിടൽ വൃക്ഷങ്ങൾ വ്യാപകമായി നശിപ്പിക്കൽ എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളായി അവശേഷിക്കുന്നു.

രോഗം വന്ന തെങ്ങ് മുറിച്ച്മാറ്റി പകരം രോഗ പ്രതിരോധശേഷിയുള്ള പുതിയ തെങ്ങുകൾ വച്ചു പിടിപ്പിക്കൽ, നീർത്തടങ്ങൾ, നെൽവയലുകൾ സംരക്ഷിക്കൽ, നെൽകൃഷിയും പുരയിടകൃഷിയും പ്രോത്സാഹിപ്പിക്കൽ, കുളങ്ങൾ സംരക്ഷിക്കൽ തോടുകൾ സംരക്ഷിക്കൽ എന്നിവ ആവശ്യമാണ്.

ആരോഗ്യകരമായ, വീഷാംശങ്ങളില്ലാത്ത പച്ചക്കറി ഉപയോഗത്തിന് നഗരവാസികളെ പ്രാപ്തരാക്കുന്നതിന് വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കേണ്ടത് പ്രധാന ദൗത്യമായി ഏറ്റെടുക്കാവുന്നതാണ്.

### മൃഗസംരക്ഷണവും ക്ഷീരവികസനവും

നഗരസഭയ്ക്ക് കൈമാറികിട്ടിയ മൃഗാശുപത്രികളിൽ ചിലത് ഇന്നും വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്നു. നഗരത്തിലെ ജനങ്ങളുടെ പാൽ, മുട്ട, ഇറച്ചി, ആവസ്യം നിറവേറ്റു

വാൻ ഈ മേഖലയ്ക്ക് ഇന്ന് കഴിയുന്നില്ല. ആയതുകാരണം ഇവയ്ക്ക് അന്യസംസ്ഥാന ങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യവും മരുന്നുലഭ്യ തയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പശു, ആട്, കോഴി ഇവ വിതരണം ചെയ്യേണ്ടതും തൊഴു ത്ത്, കൂട് തീറ്റ ഇവ സബ് സിഡി നിരക്കിലോ സൗജന്യമായോ നൽകി ഈ മേഖലയെ പരി പോഷിപ്പിക്കേണ്ടതുണ്ട്.

### മത്സ്യബന്ധനം

തിരുവനന്തപുരം നഗരത്തിൽ 16 മത്സ്യഗ്രാമങ്ങൾ ഉണ്ട്. വിഴിഞ്ഞം മുതൽ പള്ളിത്തുറ വരെ വ്യാപിച്ചുകിടക്കുന്ന ഈ മേഖലയിൽ അടിസ്ഥാന സൗകര്യം തീരെ അപര്യാപ്തമാ ണ്. മെച്ചപ്പെട്ട വീടിന്റെ അഭാവം, ശുചിത്വ സംവിധാനക്കുറവ്, കുടിവെള്ള ലഭ്യതക്കുറവ്, മത്സ്യ ലഭ്യതക്കുറവ്, മത്സ്യബന്ധനത്തിനുള്ള അധിക ചെലവ്, ഇന്ധന ദൗർലഭ്യം മത്സ്യം കേടാകാതെ സൂക്ഷിക്കുവാനും അവ യഥാസമയം വിറ്റഴിക്കുവാനുള്ള ആധുനിക രീതിയി ലുള്ള മാർക്കറ്റുകളുടെ അഭാവം, മുതലായവയുമുണ്ട്.

ശുചിത്വ സംവിധാനത്തോടുകൂടിയ മെച്ചപ്പെട്ട വീടുകൾ, കുടിവെള്ള സംവിധാനമെത്തി ക്കൽ, മത്സ്യബന്ധന ഉപകരണങ്ങളും ഇന്ധനവും സബ്സിഡി നിരക്കിൽ/സൗജന്യമായി ലഭ്യമാക്കൽ, മത്സ്യസമ്പത്തിന്റെ ശരിയായ സൂക്ഷിക്കൽ, മാർക്കറ്റുകൾ ആധുനിക രീതിയിൽ നിർമ്മിക്കൽ മുതലായവ പരിഹാര നിർദ്ദേശങ്ങളാണ്.

### ചെറുകിട വ്യവസായം

അഭ്യസ്തവിദ്യരുടെയിടയിൽ പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മയുണ്ട്. പല മേഖലയിലും ആവശ്യത്തിന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുമുണ്ട്.

പുരുഷൻമാരുടെയും സ്ത്രീകളുടെയും സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് ചെറു കിട പരമ്പരാഗത വ്യവസായങ്ങൾ സബ്സിഡി നൽകി ആരംഭിക്കേണ്ടതുണ്ട്.

### ദാരിദ്ര്യ നിർമ്മാർജ്ജനം

നഗരത്തിലെ ദരിദ്രരുടെ ഇല്ലായമകളായ സ്ഥലമില്ലായ്മ ഭവനം, കിണർ, കക്കൂസ്, തൊഴിൽ മുതലായവയുടെ കുറവ് ഈ മേഖലയിലുണ്ട്. ബി.പി.എൽ ലിസ്റ്റ് കുറ്റമറ്റതാക്കി അർഹതപ്പെട്ടവർക്കുമാത്രമായി ആനുകൂല്യങ്ങൾ ചുരുക്കേണ്ടതുണ്ട്. വീടിനും വസ്തുവിനും ധനസഹായം കൈപ്പറ്റിയശേഷം വിറ്റൊഴിഞ്ഞിട്ട് വീണ്ടും ധനസഹായത്തിന് അപേക്ഷിക്കുന്ന അപേക്ഷകരെ ഒഴിവാക്കേണ്ടതുമുണ്ട്.

ഭവന നിർമ്മാണ ധനസഹായം, ഫ്ളാറ്റ് നിർമ്മാണം, കിണർ, കക്കൂസ്, തൊഴിൽ മുത ലായവയ്ക്ക് ധനസഹായം നൽകൽ, ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കൽ, ബി.പി.എൽ ലിസ്റ്റിലെ അനർഹരെ ഒഴിവാക്കൽ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

### സാമൂഹ്യക്ഷേമം

നഗരത്തിലെ 682 അംഗനവാടികളിൽ ബഹുഭൂരിപക്ഷവും വാടക കെട്ടിടത്തിലോ അതു പോലുള്ള അവസ്ഥയിലോ ആണ്. വസ്തുലഭ്യമാക്കി ഇവയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടാ ക്കേണ്ടതുണ്ട്. കൂടാതെ അംഗനവാടികൾ ശിശുസൗഹൃദമാക്കുകയും ആകർഷകമാക്കുകയും കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുകയുംവേണം.

അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുക, കളിപ്പാട്ടങ്ങളും പാത്രങ്ങളും മറ്റ ത്യാവശ്യ ഉപകരണങ്ങളും ലഭ്യമാക്കുക, അംഗനവാടികൾ ചുമർ ചിത്രങ്ങളാൽ അലംകൃത മാക്കി ആകർഷകമാക്കുക, വൃദ്ധർ, വികലാംഗർ, മുതലായവർക്ക് പ്രത്യേക പരിഗണന എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

### പട്ടികജാതി വികസനം

പട്ടികജാതി ജനസംഖ്യയിലെ 75-80% വും കോളനി നിവാസികളാണ്. തിരുവനന്തപുരം നഗരസഭയിൽ 502 പട്ടികജാതി സങ്കേതങ്ങളുണ്ട്. ചില സങ്കേതങ്ങൾ ഇനിയും വൈദ്യുതിയും കുടിവെള്ളവും എത്താത്തതായുണ്ട്. വളരെ പിന്നോക്കാവസ്ഥയിലുള്ള 20 പട്ടികജാതി സങ്കേതങ്ങളുണ്ട്. വാസയോഗ്യമായ വീട്, വീട് വയ്ക്കുന്നതിനുള്ള സ്ഥല ദൗർലഭ്യം, വിദ്യാഭ്യാസ, കായിക പിന്നോക്കാവസ്ഥ, തൊഴിലില്ലായ്മ മുതലായവ ഈ മേഖലയിലുണ്ട്.

സമ്പൂർണ്ണ പാർപ്പിട പദ്ധതി, വിദ്യാഭ്യാസ സഹായം മുതലായവ ലക്ഷ്യമിടുന്നു.

### സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

നഗരത്തിലെ അവികസിത മേഖലയിലെയും ചേരി സമാനപ്രദേശങ്ങളിലെയും സ്ത്രീകളുടെ അവസ്ഥ ഇന്നും ദയനീയമാണ്. തൊഴിലില്ലായ്മ, പോഷകാഹാരക്കുറവ്, ശുചിത്വമില്ലായ്മ, വിദ്യാഭ്യാസവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ എന്നിവ പരിഹരിക്കേണ്ടതുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്വയംതൊഴിൽ സംരംഭങ്ങൾ, ആരോഗ്യ ശുചിത്വ ബോധവൽക്കരണം, അയൽക്കൂട്ട പ്രവർത്തന ശാക്തീകരണം മുതലായവ ലക്ഷ്യമിടുന്നു.

### ആരോഗ്യം

നഗരാതിർത്തിക്കുള്ളിൽ ധാരാളം സർക്കാർ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികളിലെ അടിസ്ഥാനസൗകര്യക്കുറവ് ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട്. എങ്കിലും ഇനിയും പരിഹരിക്കാൻ ബാക്കിയുണ്ട്. വിവിധ വിഭാഗം ആശുപത്രികളിൽ ഔഷധം പരിശോധനാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധ ആശുപത്രികളിൽ മരുന്ന് വാങ്ങൽ, ഫർണിച്ചർ, ഉപകരണങ്ങൾ നൽകൽ, മുതലായവ നടന്നുവരുന്നുണ്ട്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് കൂടുതൽ മെച്ചപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

### ശുചിത്വം

214.86 സ്ക്വ. കി.മീ. വിസ്തൃതിയുള്ള നഗരത്തിലെ ശുചീകരണം ഒരു വെല്ലുവിളിയാണ്. വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറി അടച്ചതോടുകൂടി നഗരത്തിലെ ഖരമാലിന്യനീക്കം തടസപ്പെട്ടിരിക്കുന്നു. നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഏകദേശം 300 മെട്രിക് ടൺ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുകയെന്നത് ശ്രമകരമായ ദൗത്യമാണ്. നഗരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിച്ച് മാലിന്യത്തിന്റെ അളവു കുറയ്ക്കുകയും ഒപ്പം വികേന്ദ്രീകൃത സംസ്ക്കരണ സംവിധാനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുമുണ്ട്.

ഉറവിടത്തിൽ മാലിന്യസംസ്ക്കരണത്തിനായി പൈപ്പ് കംപോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കംമ്പോസ്റ്റ് തുടങ്ങിയവ ലക്ഷ്യമിടുന്നു.

### വിദ്യാഭ്യാസം

നഗരത്തിലെ പ്രീ-പ്രൈമറി സ്കൂൾ മുതൽ ഹയർസെക്കണ്ടറി സ്കൂൾ വരെയുള്ള വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യക്കുറവ്, പരിഹരിക്കേണ്ടതും ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് മുതലായവ ലഭ്യമാക്കേണ്ടതുമുണ്ട്. കൂടാതെ സർക്കാർ സ്കൂളുകൾ ആകർഷകമാകേണ്ടതുമുണ്ട്.

സ്കൂളുകളിൽ ഭക്ഷണം, പാൽ, കെട്ടിട നിർമ്മാണം, ഗേൾഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം എല്ലാ സ്കൂളിലും കുടിവെള്ളം, ടോയ്‌ലറ്റ് എന്നിവയും പഠനോപകരണ വിതരണവും ലക്ഷ്യമിടുന്നു.

**കായികം, വിനോദം, യുവജനക്ഷേമം**

യു.പി സ്കൂൾ മുതൽ ഹയർ സെക്കണ്ടറി സ്കൂൾ വരെയുള്ള സ്കൂളുകളിൽ ചിലയിടങ്ങളിൽ നല്ല സ്റ്റേഡിയത്തിന്റെ അഭാവമുണ്ട്. കായികവും ജീവൻ രക്ഷാ ഉപാധിയുമായ നീന്തൽ പരിശീലനം, വിവിധതരം കായിക മത്സരയോഗ്യത നേടുന്നതിനും പദ്ധതിക്കാലയളവിൽ ലക്ഷ്യമിടേണ്ടതുണ്ട്.

സ്റ്റേഡിയം നവീകരണം/നിർമ്മാണം, കളരി, നീന്തൽ പരിശീലനം, മറ്റു കായിക പരിശീലനങ്ങൾ മുതലായവ ലക്ഷ്യമിടുന്നു.

**നഗരാസൂത്രണം**

നഗരത്തിലെ ഗതാഗത തിരക്ക് പരിഹരിക്കൽ തമ്പാനൂരിലെ വെള്ളപൊക്കം ഇല്ലാതാക്കുവാനുള്ള സംവിധാനം രാജവീഥി മോടിപിടിപ്പിക്കൽ, ശംഖുമുഖം കൊട്ടാരം നവീകരണം നഗരത്തിലെ വിവിധ പാർക്കുകൾ നവീകരണം ബ്രൈറ്റർ സിറ്റിയാക്കൽ മുതലായവ ലക്ഷ്യമിടുന്നു.

**പൊതുമരാമത്ത്**

നഗരത്തിലെ 3012 കി.മീ റോഡുകളും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നഗരസഭയ്ക്ക് കൈമാറികിട്ടിയ സർക്കാർ സ്ഥാപനങ്ങൾ നഗരസഭ വക കെട്ടിടങ്ങൾ, മാർക്കറ്റുകൾ, പാർക്കുകൾ മുതലായവ പരിപാലിക്കേണ്ടതുണ്ട്.

നിലവിലുള്ള റോഡുകൾ പി.ഡബ്ല്യൂ.ഡി നിലവാരത്തിൽ റിപ്പയർ ചെയ്ത് സംരക്ഷിക്കുക, സർക്കാർ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, പാർക്കുകൾ, കുളങ്ങൾ, തോടുകൾ മുതലായവ അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുക എന്നിവ ലക്ഷ്യമിടുന്നു.

**പാർപ്പിടം**

നഗരത്തിൽ ഭൂരഹിതരും ഭവനരഹിതരുമുണ്ട്. എല്ലാവർക്കും ഭൂമിയും വീടും നൽകുക എന്നത് ഇപ്പോഴും ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇതിലേക്ക് വ്യക്തമായ ഒരു പദ്ധതിയ്ക്ക് സർക്കാർ സഹായം കൂടി ലഭ്യമാക്കണം.

**കുടിവെള്ളം**

നഗരത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന പ്രദേശങ്ങളുണ്ട്. തീരദേശ മേഖലയിലും രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. ഇനിയും പൈപ്പു ലെയിൻ എത്താത്ത പ്രദേശങ്ങളും നഗരത്തിലുണ്ട്. പൊതു ടാപ്പുകളിലെ വെള്ളം കൂടുതലും ദുരുപയോഗിക്കുന്നതിനാൽ പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കേണ്ടതുണ്ട്.

പൈപ്പ് ലെയിൻ എത്താത്ത സ്ഥലങ്ങളിൽ പൈപ്പ് ലെയിൻ സ്ഥാപിക്കുക. കുടിവെള്ളക്ഷാമം രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറിയിൽ അടിയന്തിരഘട്ടങ്ങളിൽ വെള്ളമെത്തിക്കുന്നു. ജല സംഭരണികൾ ആവശ്യത്തിന് നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക, ചെറുകിട കുടിവെള്ള പദ്ധതികൾ ആവശ്യാനുസരം സ്ഥാപിക്കുക എന്നിവ അടിയന്തിര കടമയായി ഏറ്റെടുക്കണം.

**അദ്ധ്യായം - VII**

## വികസന കാഴ്ചപ്പാട്, തന്ത്രം, നയസമീപനം

അധികാര വികേന്ദ്രീകരണത്തിന്റെ കഴിഞ്ഞ ഒന്നര ദശാബ്ദങ്ങൾ കേരളത്തിന്റെ വികസന രംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയത്. ഉൽപ്പാദന – പശ്ചാത്തല – സേവന മേഖലാ വിഭജനത്തിലൂടെ പ്രത്യേകമായ അനുപാതത്തിൽ പണം മാറ്റിവച്ച് ചിലവഴിച്ചത് ആ മേഖലകളിൽ വലിയ മുന്നേറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ രംഗത്തുണ്ടാക്കിയ മാറ്റങ്ങളും കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ വലിയ കുതിച്ചു കയറ്റങ്ങളും ഇക്കാര്യം ശരിവയ്ക്കുന്നു. ഇത്, ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള ദീർഘസ്ഥായിയായ, കൂടുതൽ മൂർത്തമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വലിയ ആത്മവിശ്വാസം നൽകുന്നതാണ്.

ഈ പശ്ചാത്തലത്തിലാണ് 12–ാം പദ്ധതിയുടെ രൂപീകരണ ചർച്ചകൾ നടക്കുന്നത്.11–ാം പദ്ധതിയുടെ പ്രധാന ഊന്നൽ നീർത്തടാഷ്ഠിത വികസനമായിരുന്നു. എന്നാൽ അതിലധിഷ്ടിതമായ ഒരു വികസന തന്ത്രം രൂപപ്പെടുത്തി പ്രായോഗികമാക്കുന്നതിനു കഴിഞ്ഞില്ലയെന്നത് ഒരു വസ്തുത ആയി അവശേഷിക്കുന്നുണ്ട്. അതു പോലെ പ്രധാനമാണ് കേരളത്തിലെ മത്സ്യ മേഖലയിലെയും പാർശ്വവൽക്കരിക്കപ്പെട്ട മറ്റു വിഭാഗങ്ങളായ പട്ടികജാതി-വർഗ്ഗത്തിൽ പ്പെട്ടവരുടെയും പ്രശ്നങ്ങൾ. കഴിഞ്ഞ നാളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ ആ മേഖലയിലെ സാമൂഹ്യ-സാമ്പത്തിക അവസ്ഥയെ പറ്റിയുള്ള വ്യക്തമായ ചിത്രങ്ങൾ നമുക്ക് നൽകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു വികസന തന്ത്രം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത അവസ്ഥ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും വേറിട്ട് തന്നെ നിൽക്കുകയാണ്. അതുകൊണ്ട് തന്നെ ആ മേഖലയുടെ പുരോഗതിക്ക് വികേന്ദ്രീകരണ ആസൂത്രണത്തിൽ അതീവ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽ സംസ്ഥാന ആവിഷ്കൃത ഫണ്ടിന്റെ 66% ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ 50% ഉം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് ചിലവഴിക്കപ്പെടുന്നത്. ഈ മേഖലയിൽ ഇത്രയധികം ഇടപെടലുകൾ നടത്തിയിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി നൽകുന്നതിലും അവരുടെ ജീവിത അവസ്ഥയെ മാറ്റിയെടുക്കുന്നതിനും എന്തു കൊണ്ട് കഴിയുന്നില്ല എന്നുള്ളത് പരിശോധിക്കപ്പെടുകയും കുറവുകൾ പരിഹരിച്ചു കൊണ്ട് അതിന് അനുസൃതമായ രീതിയിലുള്ള പ്രോജക്ടുകൾക്ക് രൂപം നൽകുകയും വേണം. വീട്, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവയെല്ലാം നൽകാൻ ഇതിന് മുമ്പും ശ്രമിച്ചിട്ടുണ്ട്. എന്നാൽ പലതും പാതി വഴിയിലാണ്. അവയെല്ലാം പൂർത്തികരിക്കുകയും, അവരുടെ വിദ്യാഭ്യാസ ആരോഗ്യ നിലവാരം സമൂഹത്തിന്റെ പൊതുധാരയ്ക്കൊപ്പം ഉയർത്തുകയും ചെയ്യുക എന്നുള്ളത് സുപ്രധാനമായ ലക്ഷ്യം ആകേണ്ടതുണ്ട്.

ചേരികൾ ഇന്നും അടിസ്ഥാന സൗകര്യ വികസനത്തിലെന്ന പോലെ തന്നെ വിദ്യാഭ്യാസം, ആരോഗ്യം അടക്കമുള്ള മറ്റെല്ലാ കാര്യങ്ങളിലും പുറകിൽ തന്നെയാണ് എന്ന് നമ്മുക്ക് അറിയാം. ചേരികൾ സാമൂഹ്യ വികസനത്തിന്റെ പിന്നാമ്പുറങ്ങളിൽ തന്നെയാണ് ഇപ്പോഴും. അവിടെ വികസനത്തിന്റെ ഗുണഫലങ്ങൾ എത്തിക്കുക എന്നുള്ളതല്ല, ചേരികളെ പൂർണ്ണമായി പുനസംഘടിപ്പിക്കുക എന്നുള്ളതാണ് പ്രധാന കാഴ്ചപ്പാടായി വരേണ്ടത്. യഥാർത്ഥത്തിൽ ചേരിരഹിതമായ നഗരം എന്നത് 12-ാം പദ്ധതിയുടെ സ്വപ്നമാണ്. ഇതിനായി കേന്ദ്ര-സംസ്ഥാന പദ്ധതികളെ ഫലപ്രദമായി സംയോജിപ്പിച്ചു കൊണ്ട് പദ്ധതികൾ നടപ്പാക്കുക എന്നതാവണം സമീപനം.

കേരളത്തിലെ സ്ത്രീകളുടെ അധമപദവി പരിഹരിക്കുന്നതിനാണ് 1998 ൽ പദ്ധതി വിഹിതത്തിന്റെ 10% വനിതാ ഘടക പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത്. സ്ത്രീകളുടെ തന്ത്രപരമായ ആവശ്യങ്ങൾ നിറവേറ്റുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. പൊതുപദ്ധതിയിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഒന്നും തന്നെ വനിതാ ഘടക പദ്ധതിയുടെ പണം വിനിയോഗിച്ച് ചെയ്യേണ്ടതില്ല എന്നും തീരുമാനിച്ചിരുന്നു. എന്നാൽ വനിതാ ഘടക പദ്ധതിയുടെ വിഹിതത്തിന്റെ വലിയൊരു ഭാഗം പൊതു പദ്ധതികൾക്ക് ചെലവഴിച്ച അനുഭവമാണ് ഇക്കാലമത്രയും നമ്മുടെ മുന്നിലുള്ളത്. ഇതിന് പരിഹാരമുണ്ടാകണം. ഈ രീതിയിൽ വനിതാ ഘടക പദ്ധതി ഫലപ്രദമായി വിനിയോഗിച്ചു കൊണ്ട് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയണം. നാം ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ നഗരവും ഈ പ്രശ്നങ്ങളിൽ നിന്ന് മുക്തമല്ലല്ലോ. നഗരത്തിൽ ആൾതിരക്കേറിയ സ്ഥലങ്ങൾ പോലും സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത ഇടങ്ങളായിരിക്കുന്നു. അതുകൊണ്ടു തന്നെ സുരക്ഷിത നഗരം എന്നത് സുപ്രധാനമായ ഒരു ലക്ഷ്യമാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീകൾ നേരിടുന്ന പ്രത്യേകമായ ആരോഗ്യ പ്രശ്നങ്ങൾ, സ്ത്രീ സുരക്ഷിതത്വത്തിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ തുടങ്ങിയവയെല്ലാം 12-ാം പദ്ധതിയുടെ പ്രധാന മുൻഗണനകൾ ആവേണ്ടതുണ്ട്.

ആരോഗ്യ സംവിധാനങ്ങളുടെ മികവു കൊണ്ടും ജീവിതരീതി കൊണ്ടും നാം നേടിയെടുത്തതാണ് ഉയർന്ന ആയൂർദൈർഘ്യം. നമ്മുടെ ജനസംഖ്യയുടെ വലിയൊരു വിഭാഗം മുതിർന്ന പൗരന്മാരും പൗരികളുമാണ്.പ്രായാധിക്യവും, രോഗപീഢയും, ഒറ്റപ്പെടലും അനുഭവിക്കുന്ന ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തരത്തിൽ ക്ഷേമപദ്ധതികൾക്ക് വലിയ മുൻഗണന നൽകേണ്ടതുണ്ട്. അതിനോടൊപ്പം തന്നെ ശിശുക്കളുടെ സമഗ്ര വികസനത്തിന് വേണ്ടി പദ്ധതിയിൽ പ്രത്യേകമായ ഊന്നൽ നൽകേണ്ടതുണ്ട്. വളരുന്ന പ്രായം ശിശുവിനെ സംബന്ധിച്ചിടത്തോളവും ശേഷി വികസനത്തിന്റെയും നൈപുണികൾ ആർജ്ജിക്കുന്നതിന്റെയും കാലമാണ്. അതിനനുസൃതമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. സാമൂഹ്യ വികാസത്തിന്റെ അടിത്തറയ്ക്ക് രൂപം നൽകുന്ന സുപ്രധാനമായ ഒരിടപെടലാണ് അത്. അതുകൊണ്ട് തന്നെ ദീർഘവീക്ഷണ കാഴ്ചപ്പാടോടു കൂടിയുള്ള പ്രോജക്ടുകൾക്ക് നാം രൂപം നൽകണം.

ഇന്ന് കേരളം നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ഭിന്നശേഷിയുള്ള വിഭാഗങ്ങളെ ജീവിതത്തിന്റെ ശേഷികൾ നേടുന്നതിനും വിജയകരമായി ജീവിതം

നയിക്കുന്നതിനും പ്രാപ്തമാക്കുക എന്നുള്ളത്. ഇതിനുള്ള ശ്രമങ്ങൾ കഴിഞ്ഞ പദ്ധതി കാലയളവിൽ ഒട്ടേറെ ഉണ്ടായിട്ടുണ്ട്. ബഡ്സ് സ്ക്കൂളുകളും മറ്റ് പരിശീലനങ്ങളുമെല്ലാം പതിനൊന്നാം പദ്ധതിയുടെ സവിശേഷമായ ഇടപെടലുകളായിരുന്നു. എന്നാൽ ഇത് കൂടുതൽ തലങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്. ഒരാളും പരിഗണന ലഭിക്കാത്തതിന്റെ പേരിൽ ജീവിത അവസരം നഷ്ടപ്പെട്ടവരായി മാററുത് എന്നത് നമ്മുടെ ദൃഢമായ കാഴ്ചപ്പാടായി മാറണം.

കേരളം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തിന് പരിഹാരം എന്ന നിലയിലാണ് മുൻകാലങ്ങളിൽ പദ്ധതി പണത്തിന്റെ പ്രധാനപ്പെട്ട വിഹിതം ഉൽപ്പാദന മേഖലയ്ക്ക് മാറ്റി വയ്ക്കാൻ നിഷ്കർഷിച്ചിരുന്നത്. എന്നാൽ ഈ വർഷം അതിൽ നിന്ന് ഒരു മാറ്റം ഉണ്ടായിരിക്കുന്നു. എന്നിരുന്നാലും ഉൽപ്പാദന മേഖലയ്ക്ക് വലിയ ഊന്നൽ കൊടുത്ത് കൊണ്ട് കൃഷിക്ക് വലിയ മുൻഗണന നൽകേണ്ടതുണ്ട്. ഇപ്പോൾ തന്നെ നാം നടപ്പാക്കുന്ന വീട്ടു വളപ്പിൽ പച്ചക്കറി കൃഷി നഗരത്തിൽ വലിയ മാറ്റം ഉണ്ടാക്കുന്നുണ്ട്. പരമാവധി വീടുകളിൽ കൃഷി കൊണ്ടു വരുക എന്നുള്ളതും, നഗര ഹൃദയത്തിൽ നിന്ന് മാറിയുള്ള കൃഷിസാധ്യമായ സ്ഥലങ്ങളിലെല്ലാം യുക്തമായ രീതിയിലുള്ള കൃഷിരീതികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക എന്നുള്ളതും 12-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യമാവണം.

കഴിഞ്ഞ ഒന്നര ദശാബ്ദ കാലത്തെ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകൾ ആ മേഖലയിൽ വളരെ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിൽ അത് വർണ്ണനാതീതമായ മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. നമ്മുടെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പാവപ്പെട്ടവർ പഠിക്കുന്ന വിദ്യാലയങ്ങളിലും മികച്ച അക്കാദമിക നിലവാരം നിലനിർത്തേണ്ടതുണ്ട്. മണക്കാട് എൽ.പി സ്ക്കൂളിൽ നടത്തിയ ഇടപെടൽ മാതൃകാപരമാണ്. ഇത് നഗരത്തിൽ മുഴുവൻ വ്യാപിപ്പിക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങൾ ആകർഷകമാകണം. അതു പോലെ തന്നെ പ്രധാനമാണ് വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ വ്യക്തിത്വ വികാസത്തിനും സുരക്ഷയ്ക്കും സഹായകരമായ പദ്ധതികളുടെ നടത്തിപ്പും. അതിന് ഈ പദ്ധതിക്കാലത്ത് ഊന്നൽ നൽകേണ്ടതുണ്ട്.

യഥാർത്ഥത്തിൽ പാവപ്പെട്ടവർ ഇന്ന് അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് രോഗ ചികിത്സാ ചെലവിലെ ഭീമമായ വർദ്ധനവ്. സ്വകാര്യ ആശുപത്രികൾ വലിയ തോതിൽ ചികിത്സാ രംഗത്ത് ഇടപെട്ടു കൊണ്ടിരിക്കുന്നു. പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട ചികിത്സ നേടാൻ ഈ ആശുപത്രികളെ ആശ്രയിക്കാൻ കഴിയില്ല. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും മറ്റ് സർക്കാർ ആശുപത്രികളും മികച്ച നിലവാരത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്. ആവശ്യമായ മരുന്നുകളും ജീവനക്കാരും ഉണ്ടാകുന്നതോടൊപ്പം തന്നെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതിനാവശ്യമായ ഒരു പ്രവർത്തനപരിപാടി 12-ാം പദ്ധതിയിൽ ഉണ്ടാവണം.

പുതിയ തൊഴിൽ സൃഷ്ടിക്കും, തൊഴിൽ അവസരങ്ങൾ രൂപപ്പെടുത്തുന്നതിനും ഉള്ള പദ്ധതികൾക്ക് നാം മുൻഗണന കൊടുക്കേണ്ടതുണ്ട്. ദുർബല വിഭാഗങ്ങളിൽ പെട്ട യുവതി-യുവാക്കൾക്ക് വളരുന്ന പുതിയ വികസനത്തിന്റെ മേഖലകളിൽ പരിശീലനം നൽകുവാനും വൈദഗ്ധ്യം ഉറപ്പാക്കുവാനും അതിലൂടെ തൊഴിലുറപ്പ് വരുത്തുവാനും

കഴിയണം.അത്തരത്തിൽ വൈദഗ്ധ്യ വികസനത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും തൊഴിൽ സൃഷ്ടിയുടേതുമായ പദ്ധതികൾക്ക് രൂപം നൽകുന്നതിന് കഴിയണം. ഇതിനു സഹായകരമായ തരത്തിലും പ്രാദേശിക വികസനത്തിനു ഗുണകരമായ തരത്തിലും ചെറുകിട സംരംഭങ്ങൾക്ക് രൂപം നൽകുന്നതിന് പ്രാധാന്യം നൽകണം.

നാം ചർച്ച ചെയ്തു കൊണ്ടിരിക്കുന്നതും നടപ്പാക്കണമെന്ന് ആഗ്രഹിക്കുന്നതുമായ പല പദ്ധതികളും ഈ ഘട്ടത്തിൽ പരാമർശിക്കേണ്ടതുണ്ട്. ശംഖുംമുഖം കൊട്ടാരത്തിന്റെ ആധുനിക വൽക്കരണവും, മേയർ ഭവൻ നിർമ്മാണവും, ശ്രീചിത്തിര തിരുനാൾ പാർക്ക് തുടങ്ങിയ എല്ലാ പാർക്കുകളുടെയും നവീകരണവും, പുത്തരിക്കണ്ടം പദ്ധതിയും, വഴിയോര കച്ചവടക്കാരുടെ പുനരധിവാസ പദ്ധതിയും, സുജ്ജലധാര കുടിവെള്ള പദ്ധതിയും, ദൃശ്യ പദ്ധതി, പരസ്ഥിതി സന്തുലന ടൂറിസം പദ്ധതി, ഷോർട്ട് സ്റ്റേ ഹോം, ലേബർ ബാങ്ക് തുടങ്ങിയ നിരവധി പദ്ധതികളും ഇതിനോടൊപ്പം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

കഴിഞ്ഞ അഞ്ചു കൊല്ലക്കാലം കേരളം "സമ്പൂർണ്ണ പാർപ്പിട" പദ്ധതിയെന്ന ആശയത്തെ മുൻനിർത്തി ശക്തമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയത്. മൂന്നര ലക്ഷത്തിലധികം വീടുകളാണ് ഇ.എം.എസ് ഭവന പദ്ധതി വഴി നിർമ്മിച്ചു നൽകിയത്. ഇത് കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി വിലയിരുത്തപെടുന്നുണ്ട്. എന്നാൽ ഇനി ഇതിന്റെ തുടർച്ചയാണ് ഉണ്ടാവേണ്ടത്. ഭവനരഹിതരും ഭൂരഹിതരുമായ എല്ലാ ആളുകൾക്കും ഭൂമിയും സ്ഥലവും നൽകുക എന്നുള്ളത് മറ്റൊരു പ്രധാന വികസന ലക്ഷ്യമാണ്.

കേരളം വാഹനപ്പെരുപ്പത്തിൽ അതിശയിപ്പിക്കുന്ന വേഗത്തിലാണ്. എന്നാൽ അതോടൊപ്പം രൂപപ്പെടേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വേണ്ടത്ര മുന്നേറാനായിട്ടില്ല. മികച്ച റോഡു നെറ്റ്‌വർക്കുകൾ രൂപപ്പെടുത്തിക്കൊണ്ട് ഫലപ്രദമായ ഒരു ഗതാഗത സംവിധാനം ഉറപ്പാക്കേണ്ടതുണ്ട്. കഴിഞ്ഞ കാലയളവിൽ സംസ്ഥാന സർക്കാർ ഇതിന് പ്രത്യേകമായ ഒരു പരിപാടി തന്നെ രൂപപ്പെടുത്തിയിരുന്നു. അധിക ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് വലിയ ഇടപെടലാണ് നടത്തിയിരുന്നത്. ഇത് ഈ പഞ്ചവൽസര പദ്ധതി കാലയളവിൽ തുടരേണ്ടതുണ്ട്. പശ്ചാത്തല മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകുന്ന ഒരു സമീപനമാണ് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടേത്. ആ നിലക്ക് ഈ പ്രവർത്തനങ്ങൾക്ക് ഒരു തുടർച്ച ഉണ്ടാക്കാൻ കഴിയുമെന്നതിൽ തർക്കമില്ല.

എന്നാൽ അതീവപ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട പ്രശ്നം മാലിന്യത്തിന്റെയും ശുചിത്വ പരിപാലനത്തിന്റേതുമാണ്. ഇതിനകം ഉറവിടത്തിൽ മാലിന്യ സംസ്ക്കരണ പരിപാടിക്ക് നാം രൂപം നൽകുകയും നടപ്പാക്കുകയുമാണ്. മാലിന്യ സംസ്ക്കരണത്തിന് വികേന്ദ്രീകൃതമായ വിവിധ രീതികൾ നടപ്പാക്കുന്നതിനായി നാം ശ്രമിച്ചു വരുന്നു. എന്നാൽ വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് പ്രതീക്ഷിക്കുന്ന രീതിയിൽ മുന്നോട്ട് കൊണ്ടു പോകാൻ കഴിഞ്ഞില്ല. അതിനു സഹായകരമായ രീതിയിലുള്ള സബ്സിഡി മാനദണ്ഡത്തിലും യൂണിറ്റ് കോസ്റ്റിലും മാറ്റം

ഉണ്ടാകേണ്ടതുണ്ട്.  ഈ പ്രതിസന്ധി മുറിച്ചു കടക്കുന്നതിന് വേണ്ടിയാണ് നാം പൈപ്പ് കമ്പോസ്റ്റ് പദ്ധതി ആവിഷ്കരിച്ചത്.  അതിപ്പോൾ ഫലപ്രദമായ രീതിയിൽ തന്നെ മുന്നോട്ട് പോകുന്നുണ്ട്.  ഇത് നാം ലക്ഷ്യമിടുന്നതു പോലെ സാധ്യമായത്ര വീടുകളിൽ വ്യാപിപ്പിക്കേണ്ടത് പ്രധാന ലക്ഷ്യമാണ്.  അതോടൊപ്പം പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, സ്ക്കുളുകൾ എന്നിവിടങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം അതിവേഗത്തിൽ മുന്നോട്ട് കൊണ്ടു പോകുകയെന്നത് പ്രധാനമാണ്.  അതിനാവശ്യമായ പ്രവർത്തന പരിപാടിക്ക് നാം രൂപം നൽകണം. പ്ലാസ്റ്റിക് സംസ്ക്കരണമാണ് ഒരു പ്രധാന കീറാമുട്ടി. നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള നടപടികളുമായി നഗരസഭ മുന്നോട്ട് പോവുകയാണ്. ഇപ്പോൾ രണ്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയണം.  ഇതിനായി പ്ലാസ്റ്റിക് പ്രത്യേകമായി വേർതിരിച്ച് ശേഖരിക്കാനും അത് കട്ട് ചെയ്ത് സംസ്ക്കരണത്തിന് ആവശ്യമുള്ളവർക്ക് നൽകുവാനും കഴിയേണ്ടതുണ്ട്. ഈ നിലയിൽ പ്ലാസ്റ്റിക്കിനെ പൂർണ്ണമായും സംസ്ക്കരിക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കണം.  പരമാവധി മാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കുകയും ശേഷിക്കുന്നവ മാത്രം കേന്ദ്രീകൃതമായി സംസ്ക്കരിക്കുകയും ചെയ്യുക എന്നതാവണം പരിപാടി.  ഇതിനാവശ്യമായ പ്രവർത്തനങ്ങളും പരിപാടികളുമാണ് 12-ാം പദ്ധതിയിലെ പ്രഥമ മുൻഗണന അർഹിക്കുന്നത്.

വിവര സാങ്കേതിക വിദ്യ വ്യാപിപ്പിക്കുന്നതിനും, നഗരവാസികൾക്ക് ലഭ്യമാക്കുന്നതിനും, സ്ഥായിയായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് തിരുവനന്തപുരം നഗരസഭ. വിവര സാങ്കേതികവിദ്യയെ ഭരണ നിർവ്വഹണത്തിന് ഉപയോഗിക്കുന്നതിനുള്ള വിവിധ നടപടികൾ നടന്നു വരുന്നുണ്ട്. ഇ.ഗവേണൻസ് തലത്തിലേക്ക് ഭരണ നിർവ്വഹണം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല എന്നത് വസ്തുത തന്നെയാണ്. ഏറ്റവും സുതാര്യമായി ഭരണ നിർവ്വഹണം നടക്കുന്നു എന്നും ഏറ്റവും എളുപ്പത്തിൽ അതിന്റെ സദ്ഫലങ്ങൾ തനിക്ക് ലഭ്യമാകുന്നു എന്നും ഒരു പൗരന് ബോദ്ധ്യപ്പെടുന്നതരത്തിൽ സദ്ഭരണ നിർവ്വഹണം നഗരസഭയുടെ ലക്ഷ്യമാണ്. ഒരു പേപ്പർ ലെസ് ഓഫീസായി നഗരസഭാ ഓഫീസ് മാറേണ്ടതുണ്ട്. ഈ ലക്ഷ്യം നേടുന്നതിന് ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിക്കാലത്ത് നാം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന് മുഖ്യ മുൻഗണന നൽകണം.

മുൻകാല പ്രവർത്തനങ്ങൾ നൽകുന്ന അനുഭവപാഠങ്ങളും, അതിൽ നിന്ന് നാം ആർജിച്ച ആത്മവിശ്വാസവും, നിലനിൽക്കുന്ന സ്ഥിതിഗതികളെ ഗഹനമായും വസ്തുനിഷ്ഠമായും വിലയിരുത്തി നാം മുന്നോട്ടുവയ്ക്കുന്ന വികസന കാഴ്ചപ്പാടും, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലേയ്ക്കുള്ള നമ്മുടെ കൈമുതലുകളാണ്. ആ അർത്ഥത്തിൽ നാം മുന്നോട്ടുവയ്ക്കുന്ന വികസന കാഴ്ചപ്പാടിന് അനുസൃതമായി പദ്ധതി രൂപീകരണവും നിർവ്വഹണവും നടത്തുക എന്നത് നമ്മുടെ ബാദ്ധ്യതയായി മാറുന്നു. ഈ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഒരു സന്തുലിത സാമൂഹ്യ വികസനത്തിന്റെ പുതിയ തലങ്ങളിലേക്ക് നാം എത്തിച്ചേരുകയാണ്.

# അദ്ധ്യായം – VIII

## പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

### 2015 - 16 വികസന ഫണ്ട്

| | |
|---|---|
| പൊതുവിഭാഗം, സാധാരണ വിഹിതം | 1381561707 |
| 13 -ാം ധനകാര്യ കമ്മീഷൻ | 727213303 |
| ആകെ (പൊതുവിഭാഗം) | 2108775010 |
| പ്രത്യേക ഘടക പദ്ധതി | 458867137 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 84726 |
| **വികസന ഫണ്ട് ആകെ** | **2567726873** |
| **മെയിന്റനൻസ് ഗ്രാന്റ്** | |
| റോഡ് | 342459105 |
| റോഡിതരം | 331429272 |
| **മെയിന്റനൻസ് ഗ്രാന്റ് ആകെ** | **673888377** |

## 2015 - 16 ലെ ഫണ്ട് വകയിരുത്തൽ

| | അനുബന്ധം 2 പ്രകാരമുള്ള തുക | വകയിരുത്തിയ തുക |
|---|---|---|
| സാധാരണ വിഹിതം | 1381561707 | 1381561707 |
| 13 -ാം ധനകാര്യ കമ്മീഷൻ അവാർഡ് | 727213303 | 727213303 |
| **ആകെ** | **2108775010** | **2108775010** |
| ലോക ബാങ്ക് സഹായം | 0 | 0 |
| പ്രത്യേക ഗ്രാന്റ് | 0 | 0 |
| ആകെ പൊതുവിഭാഗം വികസന ഫണ്ട് | **2108775010** | **2108775010** |
| പ്രത്യേക ഘടകപദ്ധതി | 458867137 | 458867137 |
| പട്ടികവർഗ്ഗ ഉപപ്ദ്ധതി | 84726 | 84726 |
| **ആകെ വികസന ഫണ്ട്** | **2567726873** | **2567726873** |
| റോഡിതരം | 331429272 | 331429272 |
| റോഡ് | 342459105 | 342459105 |
| **ആകെ** | **673888377** | **673888377** |
| വനിതാ ഘടക പദ്ധതി | 138237000 | 178767427 |
| കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ മറ്റ് ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി | 69118500 | 647254448 |
| യുവജന വികസന പരിപാടി | 27830400 | 33280000 |
| **ആകെ പ്രത്യേക വിഭാഗങ്ങൾ** | | |
| പൊതുവിഭാഗം - പശ്ചാത്തലം | 1095839310 | 813864526 |

16

# അനുബന്ധം 9(2)

പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

(അനുബന്ധം 9(1) നം 8 കാണുക

**തദ്ദേശ സ്ഥാപനത്തിന്റെ പേര് : തിരുവനന്തപുരം നഗരസഭ**

| ക്രമ നമ്പർ | വിഭവ സ്രോതസുകൾ | | അനുബന്ധം 2 പ്രാകരമുള്ള തുക | വകയിരുത്തുന്ന തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് | ജനറൽ | 1381561707 | 1381561707 |
| | | SCP | 458867137 | 458867137 |
| | | TSP | 84726 | 84726 |
| | | XIII FC | 727213303 | 727213303 |
| | | KLGSDP | 0 | 0 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡ് | 342459105 | 342459105 |
| | | റോഡ് ഇതരം | 331429272 | 331429272 |
| 3 | തനത് ഫണ്ട് | | 133691518 | 133691518 |
| 4 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | 100000 | 100000 |
| 5 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | 17000000 | 17000000 |
| 6 | വായ്പ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | 0 | 0 |
| 7 | വായ്പ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | 0 | 31198000 |
| 8 | ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | 0 | 0 |
| 9 | ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | 69651636 | 69651636 |
| 10 | സന്നദ്ധ സേവനം | | 0 | 0 |
| 11 | സംഭാവന | | 0 | 0 |
| 12 | മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | | 0 | 0 |
| 13 | മറ്റുള്ളവ | | 0 | 32001200 |
| | **ആകെ** | | | **3525257604** |

[redacted]

**അദ്ധ്യായം XII**

## വായ്പാ ബന്ധങ്ങൾ

തിരുവനന്തപുരം നഗരസഭ CDS മായി ലീഡ് ബാങ്കുകൾ ഏർപ്പെടുത്തിയിട്ടുള്ള ധാരണപ്രകാരവും നിബന്ധനപ്രകാരവുമുള്ള വായ്പ നൽകുന്നതിന് സന്നദ്ധതയുള്ള സഹകരണ ദേശസാൽകൃത ബാങ്കുകളുമായുള്ള ധാരണപ്രകാരവും വായ്പ ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ബി.എസ്.യു.പി വഴിയുള്ള ഭവന നിർമ്മാണ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താവ് മുൻകൂർ അടയ്ക്കേണ്ട തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഗുണഭോക്താവിന് നഗരസഭയുടെ ഉറപ്പിൻമേൽ വായ്പയായി നൽകുവാൻ തയ്യാറായിട്ടുണ്ട്.

ചെറുതൊഴിൽ സംരംഭങ്ങൾക്ക് കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ ത്രിഫ്റ്റ് ഡെപ്പോസിറ്റിൽ നിന്നുമുള്ള വായ്പകളും പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. എല്ലാ വായ്പകളും സംരംഭകത്വ ഗ്രൂപ്പിന് / വ്യക്തികൾക്ക് ധനസ്ഥാപനം നേരിട്ടു നൽകുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. അനുവദനീയമായ സബ്സിഡി പ്രോജക്ട് മോണിറ്റർ ചെയ്തശേഷം ബാക്ക് എന്റ് സബ്സിഡി ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കൃത്യമായ സംരംഭം തിരഞ്ഞെടുക്കുന്നു എന്നും സംരംഭകത്വം യഥാർത്ഥത്തിൽ നടക്കുന്നു എന്നും ഉറപ്പാക്കപ്പെടുന്നു.

തിരുവനന്തപുരം നഗരസഭ മുഖ്യ ഊന്നൽ നൽകി നടപ്പിലാക്കുന്ന പദ്ധതികളാണ് ഭവന നിർമ്മാണ പദ്ധതിയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും. ഈ പദ്ധതികൾക്ക് ആവശ്യമായ തുക വായ്പയായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അദ്ധ്യായം XIII**

## സംയോജന സാധ്യതകളും സമഗ്രപരിപാടികളും

പരസ്പരബന്ധിതവും പരസ്പരപൂരകവും പ്രശ്നങ്ങളുടെ സമഗ്ര പരിഹാരത്തിന് യോജിച്ചതും ആയ രീതിയിലാണ് 12-ാം പഞ്ചവത്സര പദ്ധതി നഗരസഭ ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതികളിൽ ഊന്നൽ നൽകപ്പെട്ടിട്ടുള്ള മേഖലകൾ പ്രധാനമായും നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ, ചെറുകിട വ്യവസായ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ഭവന നിർമ്മാണ പദ്ധതി, അടിസ്ഥാന സൗകര്യ വികസന പദ്ധതി, ഖരമാലിന്യ നിർമ്മാർജ്ജനം, വനിതകളുടെയും ശിശുക്കളുടെയും ഉന്നമനം എന്നീ മേഖലകളിൽ, ഏറ്റെടുത്തിരിക്കുന്ന വിവിധ പ്രോജക്ടുകൾ എന്നിവ പരസ്പര ബന്ധിതവും ഈ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തവുമാണ് എന്നാണ് കരുതുന്നത്.

പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാകുന്ന തരത്തിൽ പരമ്പരാഗതവും നവീനവുമായ പദ്ധതികൾ വിഭാവനം ചെയ്യുന്നു.

കാലിതീറ്റ സബ്സിഡി, കോഴി വളർത്തൽ, ആട്/പശു വളർത്തൽ എന്നീ പ്രോജക്ടുകൾ മൃഗസംരക്ഷണ മേഖലയിൽ വരുന്നവയാണ്. ഈ പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ

എസ്.ജെ.എസ്.ആർ.വൈ, എസ്.ജെ.എസ്.വൈ സ്കീമുകളുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർദ്ധന കുടുംബങ്ങൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. നഗരത്തിലെ മുട്ടയുൽപ്പാദനവും, ഇറച്ചിയുൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതികൾ നിർദ്ധനകുടുംബങ്ങളിൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നു എന്നുള്ള മെച്ചം ഉണ്ട്. വനിതകളാണ് ഇതിന്റെ ഗുണഭോക്താക്കളായി വരുന്നത് എന്നതു കൊണ്ട് വനിതകളുടെ ഉന്നമനത്തേയും സാമ്പത്തിക വളർച്ചയേയും ഈ പദ്ധതികൾ ലക്ഷ്യമിടുന്നു.

തൊഴിൽ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് ഉത്പാദന സേവന രംഗങ്ങളിൽ പരിശീലനങ്ങളും, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക പിന്തുണയും ഉറപ്പാക്കുന്ന പദ്ധതികൾ കൂടുതലും വനിതകൾ ഗുണഭോക്താക്കളാകുന്നവയാണ്. വനിതകളുടെ ഉന്നമനം തൊഴിൽ സംരംഭകത്വ യൂണിറ്റുകളുടെ സ്ഥാപനം, വിവിധ ഉല്പന്നങ്ങളുടെ ഉത്പാദന വർദ്ധനവ്, തൊഴിൽ വർദ്ധനവ് എന്നിവയാണ് ലക്ഷ്യമാക്കുന്നത്. വിവരസാങ്കേതിക മേഖലയും, വ്യവസായ മേഖലയും ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയും ഒരുപോലെ പ്രാധാന്യത്തോടുകൂടി ഇടപെടാൻ കഴിയുന്ന പദ്ധതികളാണ് ഇവ.

മത്സ്യമേഖലയിൽ ഏറ്റെടുത്തിട്ടുള്ള മത്സ്യമേഖലയിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം പദ്ധതി പരമ്പരാഗത മത്സ്യത്തൊഴിലാളി വനിതകൾക്ക് പരമ്പരാഗത തൊഴിൽ മേഖലയിലും അതോടൊപ്പം തന്നെ പുതിയ തൊഴിൽ മേഖലയിലും പ്രവേശിക്കുന്നതിനുള്ള സാദ്ധ്യത നൽകുന്ന പദ്ധതിയാണ് ഇതിലൂടെ സ്ത്രീശാക്തീകരണവും സ്ത്രീകളുടെ വരുമാനവർദ്ധനവും കൂടി ഉറപ്പാക്കുന്നുണ്ട്.

വനിതാമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ, അലങ്കാരമത്സ്യങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സൂക്ഷമതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായം, കൗമാര ക്ലബ്ബുകൾ എന്നിവ സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനും കൂട്ടായ്മയിലൂടെ ചെറുതൊഴിൽ സംരഭങ്ങൾ ഏറ്റെടുക്കുന്നതിനും, ചെറുവരുമാനമുള്ള ജോലികൾ സ്ഥിരമായി ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്.

സ്പോർട്സ്, യുവജനക്ഷേമ മേഖലയിലെ പദ്ധതികൾ, സ്പോർട്സ് കൗൺസിൽ, വിവിധ സ്കൂളുകൾ എന്നിവയുടെ പദ്ധതികളും ഭൗതിക സാഹചര്യങ്ങളും കൂടി ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. എസ്.എസ്.എ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസ പ്രോജക്ടുകൾക്ക് രൂപം നൽകിയിരിക്കുന്നു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയും അതിന്റെ ഘടക പദ്ധതിയായ ബി.എസ്.യു.പി പദ്ധതിയും നഗരത്തിലെ വിവിധ ചേരി പരിഷ്കരണ പദ്ധതികളും പരസ്പരപൂരകമായി സംയോജിപ്പിച്ചുകൊണ്ടാണ് ഈ മേഖലകളിൽ പദ്ധതികൾ ഏറ്റെടുക്കുന്നത്. ഭവന നിർമ്മാണ പദ്ധതികൾ വിവിധ ഭവന നിർമ്മാണ പദ്ധതികളുമായി, പട്ടികജാതി ഭൂരഹിത ഭവനരഹിത പദ്ധതി, പട്ടികജാതി ഭവന നിർമ്മാണ പദ്ധതി, പൊതുവിഭാഗം ഭവന നിർമ്മാണ പദ്ധതികൾ, രാജീവ് ആവാസ് യോജന വായ്പാബന്ധിത ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയവയുമായി സംയോജിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**അദ്ധ്യായം X**

# പ്രത്യേക പദ്ധതികൾ/പരിപാടികൾ

**1. പ്രത്യേക ഘടകപദ്ധതി (എസ്.സി. പി)**

പ്രത്യേകഘടകപദ്ധതിയിൽ പട്ടികജാതി മേഖലയ്ക്കായി നീക്കിവച്ച തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിനും ദാരിദ്ര്യലഘൂകരണത്തിന് മുഖ്യപ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ പഞ്ചവത്സര പദ്ധതി നിർവ്വഹണത്തിന്റെ അനുഭവ പാഠങ്ങൾ ഈ നടപ്പുവർഷ പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് സഹായകമാകും. ഭവന നിർമ്മാണ പദ്ധതി, ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം, കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ഭവന പുനരുദ്ധാരണം പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പട്ടികജാതി വനിതകളുടെ വിവിധ സൂക്ഷ്മ തൊഴിൽ സംരംഭ പ്രൊജക്ടുകൾ, പീഡിത പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ധനസഹായം, പട്ടികജാതി രോഗികൾക്ക് ധനസഹായം, സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റ്, പഠന സാമഗ്രികൾ ആധുനിക തൊഴിൽ പരിശീലനം, കമ്പ്യൂട്ടർ വിദ്യാഭ്യാസം, പഠനവീട്, ആരോഗ്യ പരിരക്ഷ എന്നിവ എസ്.സി.പി മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. കലാ കായിക രംഗത്ത് മികവ് പുലർത്തുന്നതിനായി പരിശീലന പരിപാടികൾക്കായി പദ്ധതി നിർദ്ദേശമുണ്ട്. കൂടാതെ മൃഗസംരക്ഷണ മേഖലയിൽ കാലിവളർത്തൽ, കാലിത്തീറ്റ തൊഴുത്തുനിർമ്മാണം ആടുവളർത്തൽ, ഓട്ടോറിക്ഷാ, പിക് അപ്പ് ഓട്ടോ എന്നിവയ്ക്ക് സബ്സിഡി, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും, ബത്തയും, ശ്മശാനങ്ങൾ, സംരക്ഷണഭിത്തികൾ, ചികിത്സക്കും വിദ്യാഭ്യാസത്തിനുമായി എത്തുന്നവർക്കുള്ള ഷോർട്ട് സ്റ്റേ ഹോം, വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, സൈക്കിൾ വിതരണം, തുടങ്ങിയ നൂതനപദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**2. വനിതാഘടക പദ്ധതി**

കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രകീയയുടെ ഒരു സവിശേഷത സ്ത്രീയുടെ പദവി ഉയർത്തുന്നതിനും വരുമാന വർദ്ധനവിനുമായി ആവിഷ്കരിച്ച വനിത, ഘടക പദ്ധതിയാണ് സ്ത്രീകളുടെ സാമൂഹ്യ - സാമ്പത്തിക പദവി ഉയർത്തുന്നതിനായുള്ള പദ്ധതികളാണ് 12 -ാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണ നിർവ്വഹണത്തിൽ 50 ശതമാനം സംവരണം ഉറപ്പാക്കിയതോടുകൂയി വനിതാ ശാക്തീകരണ മേഖലയിൽ പുതുയുഗം പിറന്നിരിക്കുകയാണ്. വികസന ഫണ്ടിന്റെ 10% മെങ്കിലും സ്ത്രീകൾക്കായി മാറ്റി വയ്ക്കണമെന്ന നിർദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിക്കിയതുവഴി പ്രാദേശിക വികസന പ്രക്രിയയിലേക്ക് സ്ത്രീകളെ വലിയൊരളവുവരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. എന്നാൽ നേട്ടങ്ങൾക്കൊപ്പം സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കുന്നതിൽ ചില പരിമിതികളും ഉണ്ടായിട്ടുണ്ട്. നഗരസഭയുടെ അധികാര പരിധിയിൽ നിന്നുകൊണ്ട് സ്ത്രീകളുടെ അടിസ്ഥാനാവശ്യങ്ങളായ തൊഴിൽ, പ്രാഥമിക സൗകര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയെ പുരോഗമന പരമായി സമീപിക്കുന്നതിനാണ് പതിനൊന്നാം പദ്ധതി കാലയളവിൽ നഗരസഭ ഉദ്ദേശിച്ചത്. ഇതിന്റെ തുടർച്ചയായ പദ്ധതികളാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലും നഗരസഭ ഏറ്റെടുത്തിട്ടുള്ളത് പദ്ധികളുടെ രൂപീകരണത്തിലും നടത്തിപ്പിലും സ്ത്രീപക്ഷ സമീപനം സൃഷ്ടിക്കുവാനും പ്രാദേശികാസൂത്രണം സ്ത്രീ പങ്കാളിത്ത പൂർണമാക്കുന്നതിനും സഹായിക്കുന്ന ഫലപ്രദവും സർഗ്ഗാത്മകവുമായ പദ്ധതികളാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ ഘടനാപരമായ മെച്ചം ദൃശ്യമാകുന്ന പദ്ധതി

കളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലുടനീളം ഇത് തുടരുകയും, സ്ത്രീകളുടെ അധമ പദവിയിൽ നിന്ന് ഗണ്യവും ദൃശ്യവുമായ മാറ്റം നേടി യെടുക്കുകയും ചെയ്യുക എന്നതാണ് സ്വീകരിച്ചിരിക്കുന്ന നയ സമീപനം.

**3. ദാരിദ്യ നിർമ്മാർജ്ജന ഉപപദ്ധതി**

നഗര ദാര്യദ്ര്യ ലഘൂകരണം ലക്ഷ്യമാക്കികൊണ്ടുള്ള പദ്ധതി നിർദ്ദേശങ്ങളാണ് 2012-2017 പഞ്ചവത്സര പദ്ധതിയിലുള്ളത്, പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമിടുന്നു. ദരിദ്രകുടുംബങ്ങളുടെ വരുമാനവർദ്ധനവിലൂടെയും വരുമാനസ്ഥിരത ഉറപ്പുവരുത്തിയും അവരുടെ ഭൗതിക ജീവിത സാഹചര്യങ്ങളിൽ മാറ്റംവരുത്തുന്നതിനു വേണ്ടിയുള്ള പ്രായോഗിക പദ്ധതികൾ 2012-2017 ൽ നഗരസഭ നടപ്പിലാക്കും. കാർഷിക മേഖലയിൽ നെൽകൃഷി, പച്ചക്കറികൃഷി, കരകൃഷിയിൽ ഉൾപ്പെടുത്തി ടെറസിലെ പച്ചക്കറികൃഷി, നാളികേര ഉല്പാദനവർദ്ധനവ് ലക്ഷ്യമാക്കിയുളള പ്രോജക്ട് ,എന്നിവ ദരിദ്ര വനിതകളുടെയും കാർഷിക തൊഴിലാളികളുടെയും സംരംഭങ്ങൾക്ക് ഊന്നൽ നൽകുന്നു. മൃഗസംരക്ഷണ മേഖലയിൽ മുട്ടകോഴിവളർത്തൽ, കറവ പശുതീറ്റ - ആടു വളർത്തൽ- പശുപരിപാലനം എന്നിവയും ദാരിദ്ര്യലഘൂകരണത്തിനായി ലക്ഷ്യമിടുന്ന സൂക്ഷ്മ തൊഴിൽ സംരംഭങ്ങളാണ്. മത്സ്യതൊഴിലാളികളുടെ പാർപ്പിടം, ഭവന നവീകരണം, മൽസ്യതൊഴിലാളികൾക്ക് വായ്പാ പദ്ധതി, മൽസ്യ സംസ്ക്കരണം മത്സ്യബന്ധന ഉപകരണ വിതരണം. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി എന്നിവ മത്സ്യതൊഴിലാളികുടുംബങ്ങളുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

ദീർഘകാലമായി കിടപ്പിലായിപ്പോയ രോഗികൾക്ക് അവരുടെ വീടുകളിൽ ആവശ്യമായ ചികിത്സയും പരിചരണവും നൽകുന്നതിന് പാലിയേറ്റീവ് കെയർ പദ്ധതി ആവിഷ്കരിച്ചും നടപ്പാക്കുന്നു. സന്നദ്ധ പ്രവർത്തകർ, പരിശീലനം സിദ്ധിച്ച നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർ വീടുകളിലെത്തി രോഗികളെ നഗരസഭയുടെ പരി ചരിക്കുന്ന ഈ ബൃഗത്തായ പദ്ധതി നഗരസഭയുടെ 100 വാർഡുകളിലും നടപ്പാക്കിവരു ന്നു. തുടർന്നും നടപ്പാക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

ആരോഗ്യമേഖലയിൽ നഗരസഭയുടെ ആരോഗ്യസംവിധാനത്തെ (ആശുപത്രികൾ, പി.എച്ച്.സി കൾ, ഡിസ്പെൻസറികൾ, സി. ഡബ്ല്യൂസികൾ) പാവപ്പെട്ടവർക്കുവേണ്ടി സമൂലമായി പരിഷ്കരിക്കാനുള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യവർദ്ധനവിനും, അക്കാദമിക മികവിനും, വിദ്യാർത്ഥികളുടെ സാംസ്ക്കാരിക ഉന്നതിയ്ക്കും ഉതകുന്ന പദ്ധതികളാണുള്ളത്. കളരി, ഉണർവ്വ്, മലയാളപ്പെരുമ, മാതൃകാ വിദ്യാലയം, അക്ഷരാലയങ്ങളിൽ കമ്പ്യൂട്ടർ , വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റ്, കായിക അദ്ധ്യാ പക ബാങ്ക് കളിക്കളങ്ങൾ നവീകരിക്കൽ പച്ചക്കറി കൃഷി, ഹെൽത്ത് ക്ലബ്ബ് സ്പോർട്സ് തുടങ്ങിയ പ്രോജക്ടുകൾ നഗരസഭ ഏറ്റെടുത്തിട്ടുണ്ട് ഉപകരണങ്ങൾ നൽകൽ.

പട്ടികജാതി മേഖലയിലും പട്ടികജാതി കുടുംബങ്ങളുടെ ക്ഷേമത്തിനും വിദ്യാഭ്യാസ- ആരോഗ്യപുരോഗതിക്കും, പുതിയതൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രയോജനകരമാവുന്ന പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുവികസനഫണ്ടും നഗരസഭ തനത് ഫണ്ടും ഉപയോഗിച്ച് തയ്യാറാക്കപ്പെടുന്ന വാർഷിക പദ്ധതിയിൽ 40% ത്തിലധികം തുക ദാരിദ്ര്യ ലഘൂകരണത്തിനുവേണ്ടി

പ്രത്യക്ഷത്തിൽ വിനിയോഗിക്കപ്പെടുന്നുവെന്നത് അഭിമാനകരമാണ്.

ദരിദ്ര വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ബൃഗത്തായ പദ്ധതികളാണ് നടപ്പാക്കുന്നത്. ഭൂരഹിത ഭവനരഹിതരായ വിധവകൾക്ക് വസ്തു വാങ്ങി വീടു നിർമ്മിക്കുന്നതിനുള്ള പദ്ധതി, ദരിദ്രജനവിഭാഗങ്ങൾക്ക് വീടു നിർമ്മിക്കുന്നതിനുള്ള പദ്ധതി, ജീർണിച്ച വീടുകൾ നന്നാക്കുന്നതിനും, വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനും, വീടു വയറിംഗ് നടത്തുന്നതിനും, കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനും ഉതകുന്ന പദ്ധതികൾ തുടങ്ങിയവക്ക് രൂപം നൽകിയിട്ടുണ്ട്.

### ആശ്രയ പദ്ധതി

നഗരത്തിൽ 463 കുടുംബങ്ങളെ വിശദമായ സർവ്വേയിലൂടെ അഗതി കുടുംബങ്ങളായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരുടെ സ്ഥിതി വിശേഷം പട്ടികപ്പെടുത്തി ആവശ്യങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. സൗജന്യമായി റേഷൻ ലഭിക്കേണ്ടവർക്ക് റേഷനും, വാർദ്ധക്യകാല - അഗതി തുടങ്ങിയ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കേണ്ടവർക്ക് പെൻഷനും, ഭക്ഷണം ലഭിക്കുവാൻ അർഹതയുള്ളവർക്ക് ഭക്ഷണവും പാർപ്പിടവും ലഭിക്കുവാൻ തക്ക നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പരമ ദരിദ്ര്യരായവരിൽ പുനരധിവാസ യോഗ്യരായവരെ പുനരധിവാസ കേന്ദ്രങ്ങളിൽ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഈ പഞ്ചവൽസര പദ്ധതി കാലയളവിൽ വസ്ത്രം, ഭക്ഷണം, ചികിത്സാ ധനസഹായം, കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായം എന്നിവ അത്യാവശ്യമുള്ള കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിന് പദ്ധതി വിപുലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അദ്ധ്യായം XI**

## മെയിന്റനൻസ് പദ്ധതി (ആസ്തിസംരക്ഷണ പരിപാലന പദ്ധതി)

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ നഗരാതിർത്തിക്കുള്ളിലെ കൃഷി ഭവനുകൾ, മൃഗാശുപത്രികൾ, വെറ്ററിനറി പോളിക്ലിനിക്കുകൾ, മൽസ്യഭവനുകൾ, അംഗനവാടികൾ, പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സർക്കാർ സ്കൂളുകൾ ഐ.റ്റി.ഐ/ഐ.റ്റി.സി കൾ, താലൂക്ക് ആശുപത്രി വരെയുള്ള സർക്കാർ അലോപ്പതി, ആയൂർവ്വേദം, ഹോമിയോ, സിദ്ധ ആശുപത്രികൾ മുതലായവ നഗരസഭയ്ക്ക് സർക്കാർ കൈമാറി നൽകിയിട്ടുണ്ട്. ഈ സർക്കാർ സ്ഥാപനങ്ങളുടെയും നഗരസഭ വക കെട്ടിടങ്ങൾ ഷോപ്പിംഗ് കോംപ്ലക്സുകൾ, സോണൽ ഓഫീസുകൾ, ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസുകൾ, മാർക്കറ്റുകൾ 3012 കി.മീ. വരുന്ന നഗരസഭ റോഡുകൾ, റോഡുകളിലെ തെരുവുവിളക്കുകൾ പൊതുടാപ്പുകൾ എന്നിവ സംരക്ഷിക്കേണ്ടതും റിപ്പയർ ചെയ്യേണ്ടതുമായ ഉത്തരവാദിത്വം നഗരസഭയിൽ നിക്ഷിപ്തമാണ് ഇവ സംരക്ഷിക്കേണ്ടതിന് സർക്കാർ മെയിന്റനൻസ് ഗ്രാന്റ് 2004 മുതൽ നൽകിവരുന്നു. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റും റോഡുകളുടെ റോഡ് മെയിന്റനൻസ് ഗ്രാന്റും നൽകി വരുന്നു. ഈ തുക ഉപയോഗിച്ച് നഗരസഭ ടി സ്ഥാപനങ്ങളും ആസ്തികളും പരിപാലിച്ചുവരുന്നു.

**അദ്ധ്യായം XII**

## വായ്പാ ബന്ധങ്ങൾ

തിരുവനന്തപുരം നഗരസഭ CDS മായി ലീഡ് ബാങ്കുകൾ ഏർപ്പെടുത്തിയിട്ടുള്ള ധാരണപ്രകാരവും നിബന്ധനപ്രകാരവുമുള്ള വായ്പ നൽകുന്നതിന് സന്നദ്ധതയുള്ള സഹകരണ ദേശസാൽകൃത ബാങ്കുകളുമായുള്ള ധാരണപ്രകാരവും വായ്പ ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ബി.എസ്.യു.പി വഴിയുള്ള ഭവന നിർമ്മാണ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താവ് മുൻകൂർ അടയ്ക്കേണ്ട തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഗുണഭോക്താവിന് നഗരസഭയുടെ ഉറപ്പിൻമേൽ വായ്പയായി നൽകുവാൻ തയ്യാറായിട്ടുണ്ട്.

ചെറുതൊഴിൽ സംരംഭങ്ങൾക്ക് കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ ത്രിഫ്റ്റ് ഡെപ്പോസിറ്റിൽ നിന്നുമുള്ള വായ്പകളും പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. എല്ലാ വായ്പകളും സംരംഭകത്വ ഗ്രൂപ്പിന് / വ്യക്തികൾക്ക് ധനസ്ഥാപനം നേരിട്ടു നൽകുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. അനുവദനീയമായ സബ്സിഡി പ്രോജക്ട് മോണിറ്റർ ചെയ്തശേഷം ബാക്ക് എന്റ് സബ്സിഡി ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കൃത്യമായ സംരംഭം തിരഞ്ഞെടുക്കുന്നു എന്നും സംരംഭകത്വം യഥാർത്ഥത്തിൽ നടക്കുന്നു എന്നും ഉറപ്പാക്കപ്പെടുന്നു.

തിരുവനന്തപുരം നഗരസഭ മുഖ്യ ഊന്നൽ നൽകി നടപ്പിലാക്കുന്ന പദ്ധതികളാണ് ഇ.എം.എസ് ഭവന പദ്ധതിയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും. ഈ പദ്ധതികൾക്ക് ആവശ്യമായ തുക വായ്പയായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അദ്ധ്യായം XIII**

## സംയോജന സാധ്യതകളും സമഗ്രപരിപാടികളും

പരസ്പരബന്ധിതവും പരസ്പരപൂരകവും പ്രശ്നങ്ങളുടെ സമഗ്ര പരിഹാരത്തിന് യോജിച്ചതും ആയ രീതിയിലാണ് 12-ാം പഞ്ചവത്സര പദ്ധതി നഗരസഭ ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതികളിൽ ഊന്നൽ നൽകപ്പെട്ടിട്ടുള്ള മേഖലകൾ പ്രധാനമായും നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ, ചെറുകിട വ്യവസായ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി, അടിസ്ഥാന സൗകര്യ വികസന പദ്ധതി, ഖരമാലിന്യ നിർമ്മാർജ്ജനം, വനിതകളുടെയും ശിശുക്കളുടെയും ഉന്നമനം എന്നീ മേഖലകളിൽ, ഏറ്റെടുത്തിരിക്കുന്ന വിവിധ പ്രോജക്ടുകൾ എന്നിവ പരസ്പര ബന്ധിതവും ഈ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തവുമാണ് എന്നാണ് കരുതുന്നത്.

പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാകുന്ന തരത്തിൽ പരമ്പരാഗതവും നവീനവുമായ പദ്ധതികൾ വിഭാവനം ചെയ്യുന്നു.

കാലിതീറ്റ സബ്സിഡി, കോഴി വളർത്തൽ, ആട്/പശു വളർത്തൽ എന്നീ പ്രോജക്ടുകൾ മൃഗസംരക്ഷണ മേഖലയിൽ വരുന്നവയാണ്. ഈ പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്.ആർ.വൈ, എസ്.ജെ.എസ്.വൈ സ്കീമുകളുടെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർദ്ധന കുടുംബങ്ങൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. നഗരത്തിലെ മുട്ടയുൽപ്പാദനവും, ഇറച്ചിയുൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതികൾ നിർദ്ധനകുടുംബങ്ങളിൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നു എന്നുള്ള മെച്ചം ഉണ്ട്. വനിതകളാണ് ഇതിന്റെ ഗുണഭോക്താക്കളായി വരുന്നത് എന്നതു കൊണ്ട് വനിതകളുടെ ഉന്നമനത്തേയും സാമ്പത്തിക വളർച്ചയേയും ഈ പദ്ധതികൾ ലക്ഷ്യമിടുന്നു.

തൊഴിൽ സംരംഭകത്വ വികസനം ലക്ഷ്യമിട്ട് ഉത്പാദന സേവന രംഗങ്ങളിൽ പരിശീലനങ്ങളും, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക പിന്തുണയും ഉറപ്പാക്കുന്ന പദ്ധതികൾ കൂടുതലും വനിതകൾ ഗുണഭോക്താക്കളാകുന്നവയാണ്. വനിതകളുടെ ഉന്നമനം തൊഴിൽ സംരംഭകത്വ യൂണിറ്റുകളുടെ സ്ഥാപനം, വിവിധ ഉല്പന്നങ്ങളുടെ ഉത്പാദന വർദ്ധനവ്, തൊഴിൽ വർദ്ധനവ് എന്നിവയാണ് ലക്ഷ്യമാക്കുന്നത്. വിവരസാങ്കേതിക മേഖലയും, വ്യവസായ മേഖലയും ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയും ഒരുപോലെ പ്രാധാന്യത്തോടുകൂടി ഇടപെടാൻ കഴിയുന്ന പദ്ധതികളാണ് ഇവ.

മത്സ്യമേഖലയിൽ ഏറ്റെടുത്തിട്ടുള്ള മത്സ്യമേഖലയിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം പദ്ധതി പരമ്പരാഗത മത്സ്യത്തൊഴിലാളി വനിതകൾക്ക് പരമ്പരാഗത തൊഴിൽ മേഖലയിലും അതോടൊപ്പം തന്നെ പുതിയ തൊഴിൽ മേഖലയിലും പ്രവേശിക്കുന്നതിനുള്ള സാദ്ധ്യത നൽകുന്ന പദ്ധതിയാണ് ഇതിലൂടെ സ്ത്രീശാക്തീകരണവും സ്ത്രീകളുടെ വരുമാനവർദ്ധനവും കൂടി ഉറപ്പാക്കുന്നുണ്ട്.

വനിതാമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ, അലങ്കാരമത്സ്യങ്ങൾ, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സൂക്ഷമതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായം, കൗമാര ക്ലബ്ബുകൾ എന്നിവ സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനും കൂട്ടായ്മയിലൂടെ ചെറുതൊഴിൽ സംരഭങ്ങൾ ഏറ്റെടുക്കുന്നതിനും, ചെറുവരുമാനമുള്ള ജോലികൾ സ്ഥിരമായി ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്.

സ്പോർട്സ്, യുവജനക്ഷേമ മേഖലയിലെ പദ്ധതികൾ, സ്പോർട്സ് കൗൺസിൽ, വിവിധ സ്കൂളുകൾ എന്നിവയുടെ പദ്ധതികളും ഭൗതിക സാഹചര്യങ്ങളും കൂടി ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. എസ്.എസ്.എ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസ പ്രോജക്ടുകൾക്ക് രൂപം നൽകിയിരിക്കുന്നു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയും അതിന്റെ ഘടക പദ്ധതിയായ ബി.എസ്.യു.പി പദ്ധതിയും നഗരത്തിലെ വിവിധ ചേരി പരിഷ്കരണ പദ്ധതികളും പരസ്പരപൂരകമായി സംയോജിപ്പിച്ചുകൊണ്ടാണ് ഈ മേഖലകളിൽ പദ്ധതികൾ ഏറ്റെടുക്കുന്നത്.

**അദ്ധ്യായം XIV**

# മോണിട്ടറിംഗ് സംവിധാനങ്ങൾ

തിരുവനന്തപുരം നഗരസഭയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 2015-16 വാർഷിക പദ്ധതികൾ വളരെ വിപുലമായ ലക്ഷ്യത്തോടെ നടപ്പിലാക്കി പ്രോജക്ടുകൾ അതിന്റെ ലക്ഷ്യം യഥാസമയം പ്രാവർത്തികമാക്കുന്നതിനുവേണ്ടി പദ്ധതി ആസൂത്രണം പോലെതന്നെ മോണിറ്ററിംഗും ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. സാധാരണ ജനങ്ങൾക്ക് വികസന പ്രവർത്തനങ്ങളുടെ എല്ലാ തലങ്ങളെക്കുറിച്ചും അറിയാനുള്ള അവകാശം നൽകുക, തീരുമാനമെടുക്കുവാനും നടപ്പിലാക്കുവാനും ഉള്ള അവരുടെ അധികാരം പ്രയോഗിക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കുക, പാഴ്ചെലവും അഴിമതിയും കാലതാമസവും ഒഴിവാക്കി അധികം വിഭവസമാഹരണത്തോടെ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുക, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദഗ്ദ്ധരും മറ്റ് ജനവിഭാഗങ്ങളും ഒന്നിച്ചിടപെടുന്ന ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന രീതിയിലുള്ള മോണിട്ടറിംഗ് ശൃംഖലയാണ് തിരുവനന്തപും നഗരസഭ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ള മോണിട്ടറിംഗിന് പുറമെ കോർപ്പറേഷൻതലത്തിൽ പ്രോജക്ട് നിർവ്വഹണത്തോടൊപ്പം ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നിർവ്വഹണം വിലയിരുത്തുന്നതിനും ചുവടെ വിവരിക്കുന്ന ഒരു മോണിട്ടറിംഗ് സംവിധാനത്തിനാണ് രൂപം നൽകുന്നു.

I കോർപ്പറേഷൻ കൗൺസിൽ

↓

II കോർപ്പറേഷൻ ആസൂത്രണസമിതി

↓

III കോർപ്പറേഷൻ മോണിട്ടറിംഗ് സമിതി

↓

IV വിഷയഗ്രൂപ്പ് മോണിട്ടറിംഗ് സമിതികൾ

↓

V നിരീക്ഷണ കമ്മിറ്റി - എസ്.സി.പി

## കോർപ്പറേഷൻ ആസൂത്രണ സമിതി

**ജനറൽബോഡി**

| | | |
|---|---|---|
| ചെയർമാൻ | - | മേയർ |
| വൈസ് ചെയർമാൻ | - | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| കൺവീനർ | - | സെക്രട്ടറി |
| ജോയിന്റ് കൺവീനർ | - | കോ-ഓർഡിനേറ്റർ |
| അംഗങ്ങൾ | - | ഡെപ്യൂട്ടി മേയർ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, യു.ഡി.എഫ് ലീഡർ, ബി.ജെ.പി ലീഡർ അഡീഷണൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ എഞ്ചനീയർ, എക്സി. എഞ്ചിനീയർമാർ, പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട്സ് ഓഫീസർ, ജനകീയാസൂത്രണ സെൽ സൂപ്രണ്ട് , ഡയറക്ടർ (എം.സി.ഫോർ ഐ.പി), ഐ.റ്റി. ആഫീസർ, ആർ.ഒ II |

**ചുമതല**

കോർപ്പറേഷൻതല പ്ലാനിംഗ് കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും മോണിട്ട റിംഗ് സമിതികളിൽ വരുന്ന റിപ്പോർട്ട് പരിശോധിച്ച് അവയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. മിനിറ്റ്സും മറ്റുരേഖകളും ജനകീയാസൂത്രണ വിഭാഗം എഴുതി സൂക്ഷിക്കേണ്ടതാണ്.

## കോർപ്പറേഷൻതല മോണിറ്ററിംഗ്

### എക്സിക്യൂട്ടീവ് കമ്മിറ്റി

| | | |
|---|---|---|
| ചെയർമാൻ | - | മേയർ |
| വൈസ് ചെയർമാൻ | - | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| കൺവീനർ | - | സെക്രട്ടറി |
| ജോയിന്റ് കൺവീനർ | - | കോ-ഓർഡിനേറ്റർ |
| അംഗങ്ങ | - | ഡെപ്യൂട്ടി മേയർ, അഡീഷണൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി,അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ എഞ്ചിനീയർ, എക്സി. എഞ്ചിനീയർമാർ, ജനകീയാസൂത്രണ സൂപ്രണ്ട്, എം.സി. ഫോർ ഐ.പി ഡയറക്ടർ, ഐ.റ്റി. ആഫീസർ, പ്രോജക്ട്സ് ആഫീസർ, യു.പി.എ സെൽ, പട്ടികജാതി വികസന ആഫീസർ, ആർ.ഒ II, വ്യവസായ വികസന ആഫീസർ. |

**ചുമതല**

കോർപ്പറേഷനിലെ വിഷയ ഗ്രൂപ്പടിസ്ഥാനത്തിലുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ പരിശോധിക്കുകയും മോണിട്ടറിംഗ് സമിതികൾക്ക് പ്രവർത്തന നിർദ്ദേശം നൽകുകയും, മോണിറ്ററിംഗുമായി ബന്ധപ്പെട്ട് കൗൺസിലിന് മുമ്പാകെ സമർപ്പിക്കേണ്ട റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ചെയ്യുക.

### വിഷയ ഗ്രൂപ്പ് മോണിട്ടറിംഗ് സമിതി

| | | |
|---|---|---|
| ചെയർമാൻ | - | വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ |
| വൈസ് ചെയർമാൻ | - | വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാൻ |
| കൺവീനർ | - | വർക്കിംഗ് ഗ്രൂപ്പ് കൺവീനർ (വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണോദ്ധ്യോഗസ്ഥനാണെങ്കിൽ നഗരസഭ തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനറായി പ്രവർത്തിക്കേണ്ടതാണ്). |
| ജോയിന്റ് കൺവീനർ | - | സന്നദ്ധ പ്രവർത്തകരായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗം |
| അംഗങ്ങൾ | - | വർക്കിംഗ് ഗ്രൂപ്പിലെ മറ്റു അംഗങ്ങൾ |

**ചുമതല**

അതതു വിഷയമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും കമ്മിറ്റികൾക്കും നൽകുക. പ്രോജക്ട് നടത്തിപ്പ് വിലയിരുത്തി ഇടക്കാല റിപ്പോർട്ടും നിർവ്വഹണം പൂർത്തിയാകുമ്പോൾ അന്തിമ വിലയിരുത്തൽ റിപ്പോർട്ടും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനും, കോർപ്പറേഷൻതല മോണിറ്ററിംഗ് സമിതിക്കും നൽകുക.

## *എസ്.സി.പി വിവിധ മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമാകുന്നതിനായി മോണിറ്ററിംഗിനുവേണ്ടിയുള്ള നിരീക്ഷണ കമ്മിറ്റി*

**ചെയർമാൻ** **ശ്രീമതി. കെ.എസ്. ഷീല** (ബഹു. വിദ്യാഭ്യാസ - കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

**കൺവീനർ** **ഡെപ്യൂട്ടി സെക്രട്ടറി**

**കൗൺസിലർമാർ**

1. ശ്രീമതി. സുശീല. എസ്
2. ശ്രീ. സി. ജയൻ
3. ശ്രീ. ആലംകോട് സുരേന്ദ്രൻ
4. ശ്രീമതി. എൻ. രാധ
5. ശ്രീമതി. ആർ ശ്രീരേഖ
6 ശ്രീ. ജി എസ് ശ്രീകുമാർ
7 ശ്രീ. സദാനന്ദൻ തായി

**ചുമതല**

എസ്.സി.പി മേഖലയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി / മോണിറ്ററിംഗ്

**വാർഡുതല മോണിറ്ററിംഗ് സമിതി**

| | | |
|---|---|---|
| ചെയർമാൻ | - | വാർഡ് കൗൺസിലർ |
| കൺവീനർ | - | വാർഡു കോ-ഓർഡിനേറ്റർ |
| ജോയിന്റ് കൺവീനർ | - | സന്നദ്ധ പ്രവർത്തകൻ |
| അംഗങ്ങൾ | - | എ.ഡി.എസ് ചെയർപേഴ്സൺ, എ.ഡി.എസ് വൈസ് ചെയർപേഴ്സൺ, കൗൺസിൽ തീരുമാനിക്കുന്ന ഒരു സാങ്കേതിക വിദഗ്ദ്ധൻ, രണ്ട് സന്നദ്ധ പ്രവർത്തകർ, ഒരു ഗ്രന്ഥശാല വിദ്യാഭ്യാസ പ്രവർത്തകൻ ഉൾപ്പെടെ ആകെ 9 പേർ. |